

# Blossom

## ലിറ്റിൽ കൈറ്റ്സ്

2023-24

## ഡിജിറ്റൽ മാഗസിൻ

## ജി എച്ച് എസ് കുറുമ്പാല

# സന്ദേശം



കുറുമ്പാല ഗവൺമെന്റ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി 2023-24 അധ്യയന വർഷത്തിൽ ഒരു ഡിജിറ്റൽ മാഗസ്സിൻ തയ്യാറാക്കുന്നു എന്നറി ഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു.

വിദ്യാലയത്തിലെ കുട്ടിപ്പട്ട ങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ഇ മാഗസിൻ സർഗ്ഗാത്മക സൃഷ്ടികളെ കൊണ്ട് സമ്പന്നമാകട്ടേ എന്നാശംസി ക്കുന്നതിനോടൊപ്പം പങ്കാളികളായി ട്ടുള്ള എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

എം മുഹമ്മദ് ബഷീർ
ആരോഗ്യ-വിദ്യാഭ്യാസ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ -
വയനാട് ജില്ലാ പഞ്ചായത്ത്

# സന്ദേശം



കുട്ടികളിലെ സർഗ്ഗാത്മകമായ കഴിവുകളെ തൊട്ടുണർത്തുന്നതിനും ആവിഷ്കരിക്കുന്നതിനും സാഹിത്യ സൃഷ്ടികൾ വലിയ പങ്ക് വഹിക്കുന്നു.

ജി എച്ച് എസ് കുറുമ്പാലയിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസ്സിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

ബുഷറ വൈശ്യൻ

മെമ്പർ, പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്

# സന്ദേശം




കേരളത്തിലെ പൊതു വിദ്യാലയങ്ങളിലെ ക്ലാസ് മുറികളെല്ലാം ഹൈടെക് മുറികളായി മാറുകയാണല്ലോ. മാറുന്ന വിദ്യാഭ്യാസ രിതിക്കനുസരിച്ച് സ്കൂൾ അന്തരിക്ഷവും പഠന രീതി കളെല്ലാം മാറേണ്ടതുണ്ട്. പുതിയ പാഠ്യ പദ്ധതി രിതിയിൽ ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടിസേനക്ക് ഒരുപാട് കർത്തവ്യ ങ്ങൾ സ്കൂളിൽ നിറവേറ്റ തായിട്ടുണ്ട്. ഐ.ടി മേഖലയിൽ പ്രത്യേക പരിശിലനം സിദ്ധിച്ച ഒരുകൂട്ടം കുട്ടികളുടെ ഒരു ഐ.ടി ക്രട്ടായ്മ യാണ് "ലിറ്റിൽ കൈറ്റ്സ്.

കുറുമ്പാല ഗവ: ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും ഐ.ടി മേഖലയിൽ പ്രാവിണ്യം നേടിയിട്ടുണ്ട്. ഹൈ ടെക് ക്ലാസ് മുറികളിലെ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലും, ഐ.ടി അധിഷ്ഠിത വിദ്യാ ഭ്യാസം നിലനിർത്തുന്നതിലും ഈ സ്കൂളി ലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശ്രദ്ധിക്കു ന്നുണ്ട്. തുടർന്നും മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ ഈ യുണിറ്റിന് കഴിയട്ടെ. എല്ലാവിധ ആശംസകളും നേരുന്നു.

അബ്ദുൽ റഷീദ് കെ
ഹെഡ്മാസ്റ്റർ

# എഡിറ്റോറിയൽ ബോർഡ്




**അബ്ദുൾ റഷീദ് കെ**

ഹെഡ്മാസ്റ്റർ



ഹാരിസ് കെ

ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ



അനില എസ്

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

# സ്റ്റാഫ് എഡിറ്റേഴ്സ്


വിദ്യ എ


സിബി ടി വി


ഗോപീദാസ് എം എസ്


അന്നമ്മ പി യു

# സ്റ്റുഡൻറ് എഡിറ്റേഴ്സ്


നജ ഫാത്തിമ


ആയിഷ തഹ്‌ലിയ


ഫൈറൂസ ഫാത്തിമ


മുഹമ്മദ് റംനാസ്


മുഹമ്മദ് തസ്നീം


മുഹമ്മദ് അജ്നാസ്

# മുഖമൊഴി



നജ ഫാത്തിമ
സ്റ്റുഡൻറ് എഡിറ്റർ

രാജ്യത്തിന് മാതൃകയായി പൊതുവിദ്യാലയങ്ങളും, അനേകായിരം സ്ഥാപനങ്ങളും ഹൈടെക് സങ്കേതങ്ങളായി മാറുന്ന ഈ കാലത്ത് വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനവും ഫലപ്രദമായി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ഐ ടി മേഖലയോട് താത്പര്യമുള്ള ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്നത് ലിറ്റിൽ കൈറ്റ്സിൻെറ ലക്ഷ്യങ്ങളിലൊന്നാണ്.

കുട്ടികളുടെ സർഗാത്മിക ശേഷികൾ പരിപോഷിപ്പിക്കുന്നതിന് ഉതക്കുന്ന ധാരാളം പ്രവർത്തനങ്ങൾ ഈ കാലയളവിൽ നമ്മുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.ഇതിൽഏറ്റവുംപ്രധാനപ്പെട്ട പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ.ഗവ:ഹൈസ്കൂൾ കുറുമ്പാലയിലെ 2021-24 ബാച്ച് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾ പരിമിതമായ സമയത്തിനുള്ളിലാണ് ഈ മാഗസിൻ ഒരുക്കിയത്. മേന്മകൾ അധികമൊന്നുംഅവകാശപ്പെടുന്നില്ല. പോരായ്മകൾ ഒട്ടനവധിയുണ്ട്. കൂടുതൽ സൃഷ്ടികൾ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സിലെ മുഴുവൻ അംഗങ്ങളിൽ നിന്നുമുള്ള ചിന്തകൾ കോർത്തിണക്കി തയ്യാറാക്കിയ ഇ മാഗസിൻ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

# ഉൾപ്പേജുകളിൽ


സന്ദേശം..................................................
സന്ദേശം..................................................
ജി. എച്ച്. എസ്. കുറുമ്പാല..........................
വാർഷിക പ്രവർത്തന റിപ്പോർട്ട് - 2022-23..
പുഴയോരത്ത്...............................................
മൂന്ന് വംശങ്ങൾ.........................................
കിളിപ്പാട്ട്...................................................
ജീവിത വിജയം..........................................
കനൽ പാതം താണ്ടി.................................
ബുദ്ധിമാനായ മന്ത്രി.............................
പുഞ്ചിരി...................................................
പ്രകൃതി....................................................
ഒരു നേരത്തെ അന്നം..........................
നല്ല നാളെ...............................................
അന്നൊരു യാത്രയിൽ..........................
മാത്രികപെൻസിൽ...............................
കൃഷി.......................................................
ആൽബർട്ട് ഐൻസ്റ്റീൻ.......................
അതി ജീവനത്തിന്റെ നാൾ വഴികൾ.......
RONALDO............................................
പൂജ്യത്തിൽ നിന്നും ഉയരത്തിലേക്ക്........
പുലിയും പൂച്ചയും....................................
യൂറോപ്യൻ വിദ്യാഭ്യാസം.........................
രാജാവിന്റെ പൈതൽ.............................
ജാക്കും അവന്റെ സുഹൃത്തുക്കളും........
ടോം എന്ന ആൺ കുട്ടി............................
വിവിധ പ്രവർത്തനങ്ങൾ........................

# ഗവ: ഹൈസ്കൂൾ കുറുമ്പാല



| | |
|---|---|
| ജില്ല | സയനാട് |
| വിദ്യാഭ്യാസ ജില്ല | സയനാട് |
| ഉപ ജില്ല | വൈത്തിരി |
| ഹെഡ്മാസ്റ്റർ | അബ്ദുൾ റഷീദ് കെ |
| പി ടി എ പ്രസിഡൻറ് | മുഹമ്മദ് ഷാഫി |
| എം പി ടി എ പ്രസിഡൻറ് | സഫിയ |
| എസ് എം സി ചെയർമാൻ | ഉസ്മാൻ കാഞ്ഞായി |

പഴശ്ശി രാജാവ് കുറുമ്പാലക്കോട്ടയിൽ ഭരണത്തിലായിരിക്കുമ്പോൾ ഭരണ സൗകര്യത്തിനായി ഓരോ തറയായി ദേശങ്ങളെ തിരിച്ചു. തെക്ക് ഭാഗത്തെ ദേശം തെക്കും തറയെന്നും, പടിഞ്ഞാർ ഭാഗത്തെ പടിഞ്ഞാറത്തറയെന്നും, കോട്ട നിൽക്കുന്ന ഭാഗം കോട്ടത്തറയെന്നും, കുപ്പാടി അമ്പലം സ്ഥിതിചെയ്യുന്ന ഇടം കുപ്പാടിത്തറയെന്നും അറിയപ്പെട്ടു. ഇന്നത്തെ പടിഞ്ഞാറത്തറ ഉൾക്കൊള്ളുന്ന ഭാഗം ഒരു കാലത്ത് കുറുമ്പാല അംശം എന്നായിരുന്നു അറിയപ്പെട്ടിരുന്നത്.

നൂറിന്റെ നിറവിൽ നില കൊള്ളുന്ന നമ്മുടെ വിദ്യാലയം 1911 ലാണ് സ്ഥാപിതമായത്. മലബാർ ഡിസ്ട്രിക്ട് ബോർഡിൽ അധ്യാപകനായി നിയോഗിക്കപ്പെട്ട ശ്രീ. കെ ചാപ്പൻ അടിയോടി വയനാട്ടിൽ എത്തുകയും വിദ്യാലയ സാധ്യതകൾ അന്വേഷിച്ച് കുറുമ്പാലയിൽ ശ്രീ. എം. പി. രാഘവമാരാരെ സമീപിക്കുകയും ചെയ്തതോടെ കുറുമ്പാല എന്ന ഈ പ്രദേശം അക്ഷര ഭൂപടത്തിൽ നെടുങ്കായം നേടുകയായിരുന്നു. അദ്ദേഹം അനുവദിച്ച സ്ഥലത്ത് ആരംഭിച്ച ഈ

വിദ്യാലയം പിൽക്കാലത്ത് സർക്കാർ ഉടമസ്ഥതയിൽ വരുകയും നിരവധി ഗുരുശ്രേഷ്ഠൻമാരാൽ അനുഗ്രഹീതമാവുകയും ചെയ്തു.

1981 അപ്പർ പ്രൈമറിയായി ഉയർത്തിയതോടെ വിദ്യാഭ്യാസം സുഖപ്രദമായി. വാടക കെട്ടിടത്തിൽ നിന്നും മാറി സ്വന്തമായി ഭൂമി ലഭ്യമായതോടെ ഭൗതിക സാകര്യങ്ങളുടെ കാര്യത്തിൽ അടിമുടി മാറ്റമുണ്ടായി. ഇപ്പോൾ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം 2013ൽ സെക്കന്ററി സ്കൂളായി അപ്ഗ്രേഡ് ചെയ്തു.2016ൽ ആദ്യ പത്താം ക്ലാസ്സ് ബാച്ച് പുറത്തിറങ്ങി.

> മലബാർ ഡിസ്ട്രിക്ട് ബോർഡിൽ അധ്യാപകനായി നിയോഗിക്കപ്പെട്ട ശ്രീ. കെ ചാപ്പൻ അടിയോടി വയനാട്ടിൽ എത്തുകയും വിദ്യാലയ സാധ്യതകൾ അന്വേഷിച്ച് കുറുമ്പാലയിൽ ശ്രീ എം. പി.രാഘവ മാരാരെ സമീപിക്കുകയും ചെയ്തതോടെ കുറുമ്പാല എന്ന ഈ പ്രദേശം അക്ഷര ഭൂപടത്തിൽ നെടുങ്കായം നേടുകയായിരുന്നു.

വിദ്യാലയം ഇന്ന് ജില്ലയിലെ സമ്പൂർണ്ണ ഹൈടെക് ഹൈസ്ക്കൂളായി മികച്ച നിലവാരത്തോടെ പ്രവർത്തിക്കുന്നു. പ്രിപ്രൈമറി മുതൽ പത്താം ക്ലാസ് വരെ 17 ഡിവിഷനുകളിലായി അഞ്ഞൂറോളം കുട്ടികൾ പഠനം നടത്തുന്നുണ്ട്.

അർപ്പണ മനോഭാവത്തോടെയും ആത്മാർത്ഥതയോടെയും നില കൊള്ളുന്ന അധ്യാപകരും അവർക്ക് മികച്ച പിന്തുണ നൽകുന്ന പി.ടി.എ, എം.പി.ടി.എ, എസ്.എസ്.സി അംഗങ്ങളും നമുക്ക് മുതൽ ക്കൂട്ടായുണ്ട്. മികച്ച ഭൗതിക സാഹചര്യങ്ങൾ ഇന്ന് വിദ്യാലയത്തിനുണ്ട്. പരിമിതികളോടും പരാധീനതകളോടും പോരാടി ഇന്നത്തെ സ്ഥിതിയിലേക്ക് സധൈര്യം നയിച്ച പൂർവിക ഗുരുവര്യന്മാരെ നന്ദി പൂർവ്വം നമുക്ക് ഓർക്കാം.





# വാർഷിക പ്രവർത്തന റിപ്പോർട്ട് - 2022-23




കുറുമ്പാല പ്രദേശത്തെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ വിജ്ഞാനത്തിൻെറ പ്രാകാശം ചൊരിഞ്ഞ് നാടിൻെറ അഭിമാനമായി നിലകൊള്ളുന്ന സ്ഥാപനമാണ് കുറുമ്പാല ഗവ: ഹൈസ്കൂൾ. ഒരു നൂറ്റാണ്ടിലേറെയായി പതിനായിരക്ക ണക്കിന് അക്ഷര പ്രേമികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകിയ ഈ വിദ്യാലയം ഇന്ന് ജില്ലയിലെ സമ്പൂർണ്ണ ഹൈടെക് ഹൈസ്കൂളായി മികച്ച നിലവാരത്തോടെ പ്രവർത്തിക്കുന്നു.നൂറിന്റെ നിറവിൽ നില കൊള്ളുന്ന നമ്മുടെ വിദ്യാലയം 1911 ലാണ് സ്ഥാപിതമായത്.1978-ൽ അപ്പർപ്രൈമറി യായും 2013ൽ സെക്കന്ററി സ്കൂളായും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. നിലവിൽ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ 15 ഡിവിഷനുകളിലായി 366 കുട്ടികളും, പ്രീപ്രൈമറി തലത്തിലെ 52 കുട്ടികളും ഉൾപ്പെടെ 418 കുട്ടികൾ പഠനംനട ത്തുന്നുണ്ട്.

**പി ടി എ ഭരണ സമിതി**

2022 ആഗസ്റ്റ് 3ന് ചേർന്ന സ്കൂൾ വാർഷിക ജനറൽ ബോഡിയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പതിനഞ്ചംഗങ്ങളാണ് നിലവിലുള്ള ഭരണ സമിതിയിലുള്ളത്.. മുഹമ്മദ് ഷാഫി കെ എ, മമ്മൂട്ടി എം, ശ്രീനിവാസൻ കെ എസ്, ഹസീന കെ, മുഹമ്മദ് കെ, ഫൗസിയ, പ്രിയ, സഫിയ എന്നീ രക്ഷിതാക്കളുടെ പ്രതിനിധികളും

> ഒരു നൂറ്റാണ്ടിലേറെയായി പതിനായിരക്കണക്കിന് അക്ഷര പ്രേമികൾക്ക് പ്രാഥമികവിദ്യാഭ്യാസം നൽകിയ ഈ വിദ്യാലയം ഇന്ന് ജില്ലയിലെ സമ്പൂർണ്ണ ഹൈടെക് ഹൈസ്കൂളായി മികച്ച നിലവാരത്തോടെ പ്രവർത്തിക്കുന്നു.

ഹെഡ്മാസ്റ്റർ ശ്രീ അബ്ദുൾ റഷീദ് കെ, സീനിയർ അസിസ്റ്റൻറ് ഹാരിസ് കെ,സ്റ്റാഫ്

സെക്രട്ടറി ഗോപീദാസ് എം എസ്, സിബി ടി വി , അന്നമ്മ പി യു , ജിൻസി ജോർജ്, ലിജിന ബാലൻ എന്നീ അധ്യാപക പ്രതിനിധികളുമാണ് പി ടി എ കമ്മറ്റി യിലുള്ളത്. പ്രസിഡൻറ് കെ എ മുഹമ്മദ് ഷാഫിയുടെയും ഹെഡ്മാസ്റ്റർ ശ്രീ അബ്ദുൾ റഷീദ് മാസ്റ്ററുടെയും നേതൃത്തത്തിൽ പി ടി എ യുടെ പ്രവർത്തനം വളരെ മികച്ച രീതിയിൽ നടക്കുന്നു. മദർ പി ടി എ പ്രസിഡൻറ് ശ്രീമതി റഫീന മറ്റ് അംഗങ്ങ ളായ നാദിറ,സിന്ദു,നസീമ, വത്സല, ജസീല, ഉമൈമ എന്നിവരുടെ സേവനവും എടുത്ത് പറയേണ്ടതാണ്.

**സ്കൂൾ മാനേജ്മെൻറ് കമ്മറ്റി**

കാഞ്ഞായി ഉസ്മാൻ ചെയർമാനും,സൈനുൽ ആബിദ് വൈ.ചെയർമാനും, ചന്ദ്രശേഖരൻ, ബഷീർ, ഷമീർ, ഇബ്രാഹീം സഖാഫി, അലീമ, ബിന്ദു, തസ്നിജ, മിനി, സുമയ്യ, നസീറ,വാർഡ് മെമ്പർ ശ്രീമതി ബുഷറ വൈശ്യൻ,സ്കൂൾ ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ് കെ, സീനയർ അസിസ്റ്റൻറ് ഹാരിസ് കെ തുടങ്ങിയവർ അംഗങ്ങളുമായ സ്കൂൾ മാനേജ്മെൻറ് കമ്മറ്റിയുടെ പ്രവർത്തനം അഭിനന്ദനീയമാണ്.വിദ്യാലയത്തിൻെറ ഭൗതിക സൗകര്യങ്ങൾ മെച്ചെപ്പെടുത്തു ന്നതിൽ മികച്ച പിന്തുണ നൽകുന്ന എസ് എം സി അംഗങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

**അക്കാദമിക പ്രവർത്തനങ്ങൾ**

2022-23 അധ്യയന വർഷം ധാരാളം പ്രവർത്തനങ്ങൾ നടത്തി അക്കാദമികരംഗം സജീവമാക്കിയിട്ടുണ്ട്.പാഠ്യപ്രവർത്തനങ്ങളി ലും പഠനാനുബന്ധ പ്രവർത്തനങ്ങളിലും ധാരാളംഅനുഭവങ്ങൾകുട്ടികൾക്ക് നൽകാൻ നാം ശ്രദ്ധിച്ചിട്ടുണ്ട്. പ്രവേശനോത്സവം, വിജയോത്സവം, സ്വാതന്ത്യദിനാ ഘോഷം, ഓണാഘോഷം, ശിശു ദിനാഘോഷം, ക്ലബ്ബ് പ്രവർത്തനങ്ങൾ, വിവിധ ദിനാചരണങ്ങൾ, ലഹരി വിരുദ്ധ കാംപയിൻ, സ്കൂൾ തല മേളകൾ, പഠനോത്സവം, സ്കൂൾ വാർഷികം തുടങ്ങിയ ശ്രദ്ധേയമായ പരിപാടികൾ ക്കൊപ്പം സബ്ജക്ട് ക്ലിനിക്ക്, അക്ഷരചെപ്പ്, "പിറന്നാളിനൊരു പൂച്ചട്ടി എൻെറ വിദ്യാലയത്തിന്" ,കൈത്താങ്ങ് തുടങ്ങിയ തനത് പ്രവർത്തനങ്ങളും സംഘടിപ്പിച്ചി ട്ടുണ്ട്. സബ് ജില്ലാ തലം മുതൽ സംസ്ഥാന തലം വരെയുള്ള വിവിധ മത്സരങ്ങളിലും മികച്ച വിജയം നേടാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. കൂടാതെ നമ്മുടെ ഭൗതിത സൗകര്യങ്ങൾ മെച്ചെപ്പടുത്തുന്നതിലും നമ്മുക്കേറെ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു.

> പാഠ്യ പ്രവർത്തനങ്ങളിലും,
> പഠനാനുബന്ധ പ്രവർത്തനങ്ങളിലും
> ധാരാളം അനുഭവങ്ങൾ
> കുട്ടികൾക്ക് നൽകിയിട്ടുണ്ട്.
> സബ്ജക്ട് ക്ലിനിക്ക്, അക്ഷരചെപ്പ്,
> "പിറന്നാളിനൊരു പൂച്ചട്ടി
> എൻെറ വിദ്യാലയത്തിന്",
> കൈത്താങ്ങ്
> തുടങ്ങിയ തനത് പ്രവർത്തനങ്ങളും
> സംഘടിപ്പിച്ചിട്ടുണ്ട്.

**പ്രവേശനോത്സവം**

2022-23 അധ്യയന വർഷത്തെ പ്രവേശനോത്സവം നല്ല രൂപത്തിൽ സംഘടിപ്പിക്കാൻ നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്.







പ്രവേശനോത്സവ ചടങ്ങ് പി ടി എ പ്രസിഡൻറ്റിൻെറ അധ്യക്ഷതയിൽ പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി ബുഷറ വൈശ്യൻ ഉദ്ഘാടനം നിർവ്വഹിക്കുകയും നവാഗതരായ കുട്ടികൾക്ക് പഠനോപകരണ ങ്ങൾ സമ്മാനിക്കുകയും ചെയ്തു.

**വിജയോത്സവം**



2021-22 അധ്യയന വർഷത്തിൽ SSLC പരീക്ഷയിൽ ഉന്നത വിജയം നേടി സ്കൂളിൻെറ അഭിമാന താരങ്ങളായ വിദ്യാർത്ഥികളെ വിജയോത്സവ വേദിയിൽ അനുമോദിച്ചു. 27-7-2022 ന് സംഘടിപ്പിച്ച ചടങ്ങ് പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ജസീല റംളത്തിൻെറ അദ്ധ്യക്ഷതയിൽ വയനാട് ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. എം മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു. ഒപ്പം വിവിധ ക്ലബ്ബ്കളുടെ ഉദ്ഘാടനവും, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻെറ (BLUE MOON) പ്രകാശന കർമ്മവും ചടങ്ങിൽ നിർവ്വഹിക്കപ്പെടുകയുണ്ടായി.വിജയികൾക്കും മറ്റ് മേഖലകളിൽ മികവ് പുലർത്തിയവർക്കു മുള്ള ഉപഹാരങ്ങൾ , ക്യാഷ് പ്രൈസ് എന്നിവ വാർഡ് മെമ്പർ ശ്രീമതി ബുഷറ വൈശ്യൻ, പി ടി എ പ്രസിഡൻറ് കെ എ മുഹമ്മദ് ഷാഫി എന്നിവർ നൽകി. ശാസ്ത്രക്ലബ്ബുകൾ, ഭാഷാ ക്ലബ്ബുകൾ, പരിസ്ഥിതി ക്ലബ്ബ്, വിദ്യാരംഗംകലാസാഹിത്യവേദി,സോഷ്യൽ സർവ്വീസ് സ്കീം, ഡി എം ക്ലബ്ബ് , ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ധാരാളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഫീൽഡ് ട്രിപ്പുകളും, ഇൻഡസ്ട്രിയൽ വിസിറ്റുകളും,സഹവാസ ക്യാമ്പുകൾ,പഠന വിനോദ യാത്രകളും സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ തല കലാ-കായിക-ശാസ്ത്ര മേളകളൊക്കെ സംഘാടന മികവ് കൊണ്ടും, കുട്ടികളുടെ പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി. മികച്ച ആരോഗ്യ ശീലം പരിശീലിപ്പിക്കുന്നതിനായി ഹെൽത്ത് ഡിപ്പാർട്ട്മെൻറുമായി സഹകരിച്ച് നടത്തിയ ആരോഗ്യക്ലാസുകൾ, പ്രഥമ ശുശ്രൂഷ പരിശീലനം, യോഗാ പരിശീലനം, മെഡിക്കൽ ക്യാമ്പുകൾ, കുഷ്ഠ രോഗ നിവാരണ യജ്ഞത്തിൻെറ ഭാഗമായി അധ്യാപകർക്കായി നടത്തിയ ബാലമിത്ര



പരിശീലനം, ശുചീകരണ പ്രവർത്തനങ്ങൾ, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട നടത്തിയ കഥ-കവിതാ- ഉപന്യാസ രചന, ചിത്രരചന മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.അക്കാദമിക മികവ് ഉയർത്താൻ " വിംഗ്സ് ", "ശ്രദ്ധ", "ഇല " തുടങ്ങിയ പദ്ധതികളും മാതൃകാപരമായി സംഘടിപ്പിക്കാൻ നമ്മുക്ക് കഴിഞ്ഞു. അമ്മമാരിൽ വായനാ ശീലം വളർത്തുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ

ഫീൽഡ് ട്രിപ്പുകൾ, ഇൻന്ററസ്ട്രിയൽ വിസിറ്റുകൾ, സഹവാസ ക്യാമ്പുകൾ, പഠന വിനോദ യാത്രകൾ, ആരോഗ്യ ക്ലാസുകൾ,പ്രഥമ ശുശ്രൂഷ പരിശീലനം, യോഗാ പരിശീലനം, മെഡിക്കൽ ക്യാമ്പുകൾ, വിംഗ്സ്,"ശ്രദ്ധ","ഇല "-പദ്ധതികൾ, " അമ്മ വായന", എന്നവ സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സിൻെറ നേതൃതത്തിൽ മറ്റ് കുട്ടികൾക്കും, രക്ഷിതാക്കൾക്കും, ഭിന്ന ശേഷി വിദ്യാർത്ഥികൾക്കും ഐ ടി പരിശീലനം നൽകി.

" അമ്മ വായന" എന്ന പരിപാടിക്ക് അമ്മമാരിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിച്ചത്.കൂടാതെ രക്ഷിതാക്കൾ, മറ്റ് പ്രമുഖ വ്യക്തിത്വങ്ങൾ എന്നിവരെ ഉൾപ്പെടുത്തി പാഠ്യപദ്ധതി ചട്ടക്കൂട് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് നടത്തിയ ജനകീയ ചർച്ച, എന്നിവയെല്ലാം ഈ അധ്യയന വർഷത്തെ സംമ്പുഷ്ടമാക്കി.സ്കൂൾ പോൾട്ടിപദ്ധതിയിലൂടെ മൃഗ സംരക്ഷണ വകുപ്പ്മായി ചേർന്ന് വിദ്യാർത്ഥികൾക്ക് കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാനും കഴിഞ്ഞു. കുട്ടികളുടെ മികവുകളുടെ പ്രദർശിപ്പിച്ച് നടത്തിയ പഠനോത്സവവും, സ്കൂൾ വാർഷികാഘോഷവും വളരെ ആകർഷകമായി നടത്താൻ കഴിഞ്ഞതിൽ നമ്മുക്കഭിമാനിക്കാം. ലിറ്റിൽ കൈറ്റ്സിൻെറ നേതൃതത്തിൽ മറ്റ് കുട്ടികൾക്കും, രക്ഷിതാക്കൾക്കും, ഭിന്ന ശേഷി വിദ്യാർത്ഥികൾക്കും

സ്കൂളിൻെറ ചരിത്രത്തിലാധ്യമായി രണ്ട് കുട്ടികൾ NMMS സ്കോളർഷിപ്പിന് അർഹത നേടി. മുഹമ്മദ് നാഫിൽ ഇ, മുബഷിറ പി പി എന്നിവരായിരുന്നു ആ മിടുക്കർ. കൂടാതെ സക്കിയ ഫാത്തിമ കെ എ, ശിവന്യ കെ എസ് എന്നി രണ്ട് കുട്ടികൾക്ക് USS സ്കോളർഷിപ്പും, അനീസ് ഇബ്രാഹിം എന്ന കുട്ടിക്ക് LSS സ്കോളർഷിപ്പിനും അർഹത നേടികൊടുക്കാൻ നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്.

ഐ ടി പരിശീലനം നൽകി. പരിസ്ഥിതി ക്ലബ്ബിൻെറ നേതൃതത്തിൽ ആകർഷകമായ രീതിയിൽ പച്ചക്കറിത്തോട്ടം ഒരുക്കി നൂറ് മേനി കൊയ്യാനും കഴിഞ്ഞിട്ടുണ്ട്.

2022-23 അധ്യയന വർഷം മികവുകളുടെ വർഷമായിരുന്നു. സ്കൂളിൻെറ ചരിത്രത്തിലാധ്യമായി രണ്ട് കുട്ടികൾ









NMMS സ്കോളർഷിപ്പിന് അർഹത നേടി. മുഹമ്മദ് നാഫിൽ ഇ, മുബഷിറ പി പി എന്നിവരായിരുന്ന ആ മിടുക്കർ. കൂടാതെ സക്കിയ ഫാത്തിമ കെ എ, ശിവന്യ കെ എസ് എന്നി രണ്ട് കുട്ടികൾക്ക് USS സ്കോളർഷിപ്പും, അനീസ് ഇബ്രാഹീം എന്ന കുട്ടിക്ക് LSS സ്കോളർഷിപ്പിനും അർഹത നേടികൊടുക്കാൻ നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്. ഇവരെയും, മാസങ്ങളോളം കുട്ടികൾക്ക് പരിശീലനം നൽകിയ അധ്യാപകരെ പ്രത്യേകം അഭിനന്ദിക്കുന്നു. സബ് ജില്ല, ജില്ലാ തല ശാസ്ത്ര മേള കളിലും,കലാ-കായിക മേളകളിലും, വിവിധ ഏജൻസി കൾ സംഘടിപ്പിച്ച ക്വിസ് മത്സരങ്ങൾ, കവിതാരചന,കഥാരചന,ഉപന്യാസരചന, തുടങ്ങിയവകളിലും ഉയർന്ന പ്രകടനം കാഴ്ച്ചവെക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞു.ഉർദ്ദു ടാലൻറ് ടെസ്ററ് പരീക്ഷ യിൽ അൻഷിത കെ,ഫൈറൂസ ഫാത്തിമ എന്നിവർക്ക് സംസ്ഥാനതലത്തിൽ A ഗ്രേഡ് നേടാൻ കഴിഞ്ഞിട്ടുണ്ട്. പത്താം തരത്തിലെ മുഴുവൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും എ ഗ്രേഡോടെ ഗ്രേസ് മാർക്കിന് അർഹത നേടികൊടുത്ത ജില്ലയിലെ അപൂർവ്വം സ്കൂളുകളി ലൊന്നാണ് നമ്മുടെ വിദ്യാലയം. SSLC പരീക്ഷയിലെ നൂറ് ശതമാനം വിജയത്തിന് കൽപ്പറ്റ എം എൽ എ ശ്രീ ടി സിദ്ധിഖ് അവറുകളുടെ എക്സലൻറ്സ് അവാർഡും നമ്മേ തേടിയെത്തി.

### വിജയജ്വാല

SSLC കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തി ഉന്നത വിജയം നേടാൻ അവരെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യ ത്തോടെ വിജയജ്വാല എന്ന പേരിൽ നടത്തിയ പഠന ക്യാമ്പുകൾ വിജയകര മായിരുന്നു.കുട്ടികൾക്ക് ചായയും, ലഘു ഭക്ഷണവും ഉൾപ്പെടെ നൽകി രാവിലെ



പത്താം തരത്തിലെ മുഴുവൻ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
എ ഗ്രേഡോടെ ഗ്രേസ് മാർക്കിന്
അർഹത നേടികൊടുത്ത
ജില്ലയിലെ അപൂർവ്വം സ്കൂളുകളിലൊന്നാണ്
നമ്മുടെ വിദ്യാലയം.
SSLC പരീക്ഷയിലെ
നൂറ് ശതമാനം വിജയത്തിന്
കൽപ്പറ്റ എം എൽ എ ശ്രീ ടി സിദ്ധിഖ്
അവറുകളുടെ എക്സലൻറ്സ് അവാർഡും
നമ്മേ തേടിയെത്തി.
ഉർദ്ദു ടാലൻറ് ടെസ്ററ് പരീക്ഷയിൽ
അൻഷിത കെ, ഫൈറൂസ ഫാത്തിമ
എന്നിവർക്ക് സംസ്ഥാനതലത്തിൽ
A ഗ്രേഡ് നേടാൻ കഴിഞ്ഞിട്ടുണ്ട്.

8

8:30 മുതൽ വൈകുന്നേരം 5:15 വരെയായിരുന്ന ക്യാമ്പുകൾ സംഘടിപ്പി ച്ചത്. ക്യാമ്പുകൾ കാര്യക്ഷമമായി നടത്തി മുഴുവൻ കുട്ടികളെയും പരീക്ഷ എഴുതിച്ച് അത് വഴി നൂറു ശതമാനം റിസൾട്ട് ഉണ്ടാക്കാനും കഴിഞ്ഞു. മൂന്ന് കുട്ടികൾക്ക് ഫുൾ എ പ്ലസും, നാൽപേർക്ക് ഒമ്പത് എ പ്ലസും മറ്റുള്ളവർക്കെല്ലാം അറുപത് ശതമാനത്തിലെറെ മാർക്കും ലഭിച്ചിട്ടുണ്ട്. ഇവർക്കെല്ലാം തുടർ പഠനത്തിനായി സ്കൂൾ ഹെൽപ്പ് ഡെസ്കിലൂടെയും മറ്റും പ്ലസ് വൺ അഡ്മിഷൻ ഉറപ്പ്‌വരുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

### ബോധവത്ക്കരണ-മോർട്ടിവേഷൻ ക്ലാസുകൾ





രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി ധാരാളം ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവധിക്കാലത്ത് ലിറ്റിൽ കൈറ്റ്സിൻെറ നേതൃതത്തിൽ 'അമ്മ അറിയാൻ' എന്ന

പേരിൽ അമ്മമാർക്കുള്ള സൈബർ സുരക്ഷാ പരിശീലനം നൂറിലേറെ അമ്മമാരെ പങ്കെടുപ്പിച്ച് നല്ല രൂപത്തിൽ സംഘടിപ്പിക്കാൻ കഴിഞ്ഞു.'രക്ഷിതാവ് അറിയാൻ' എന്ന



പേരിൽ സംഘടിപ്പിച്ച മോട്ടിവേഷൻ ക്ലാസിന് പ്രമുഖ എജ്യുക്കേഷണൽ മോട്ടിവേഷണൽ സ്പീക്കർ ശ്രീ ബിജു പച്ചിരയനും, വനിതാ ശിശുവികസന വകുപ്പ് വയനാടുമായി ചേർന്ന് 'സൈബർ ജാഗരൂക ദിവസ്' എന്ന പേരിൽ രക്ഷിതാക്കൾക്ക് നടത്തിയ ക്ലാസിന് വുമൺ വോയിസ് ലീഗൽ കൗൺസിലർ അഡ്വ. ചിത്ര മാധവും നേതൃത്വം നൽകി.സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം ക്ലബ്ബ്, പ്രമുഖ മോട്ടിവേഷണൽ സ്പീക്കർ ശ്രീ ബിഷർ മാസ്റ്ററെ പങ്കെടുപ്പിച്ച് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച മോട്ടിവേഷൻ ക്ലാസ് വളരെ ശ്രദ്ധേയമായിരുന്നു. വൈത്തിരി മുൻ എ ഇ ഒ ശ്രീ.മമ്മു മാസ്റ്ററെ പങ്കെടുപ്പിച്ച് രക്ഷിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ് നൽകിയിട്ടുണ്ട്. 'സത്യമേവ ജയതേ' എന്ന പേരിൽ കുട്ടികൾക്കായി സൈബർ സുരക്ഷാ പരിശീലനവും, വിദ്യാർത്ഥികളുടെ നവീന ആശയങ്ങൾക്ക് ചിറക് നൽകുക എന്ന ഉദ്ദേശ്യത്തോടെ YIP പരിശീലന ക്ലാസുകളും നൽകിയിട്ടുണ്ട്. കൂടാതെ ലഹരി വിരുദ്ധ കാംപയിന്റെ ഭാഗമായും ധാരാളം ബോധവത്ക്കരണ ക്ലാസുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

**വിവിധദിനാചരണങ്ങൾ,ആഘോഷങ്ങൾ**

ലോക പരിസ്ഥിതി ദിനത്തിൽ





തൈകൾ നട്ടുപിടിപ്പിച്ച് ഹരിത വിദ്യാലയ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കുട്ടികൾക്ക് പരിസ്ഥിതി ദിന സന്ദേശം നൽകുകയും, പോസ്റ്റർ രചന,ചിത്ര



രചന,ക്വിസ് തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.ജൂൺ 19 ന് സംഘടിപ്പിച്ച വായനാദിന പരിപാടിയുടെ വിശിഷ്ടാതിഥിയായി മാനന്തവാടി മുൻ ബ്ലോക്ക്പ്രോഗ്രാംഓഫീസർ ശ്രീ.മുഹമ്മദലി മാസ്റ്ററെ പങ്കെടുപ്പിക്കാനും നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്.ചാന്ദ്രദിനാചരണവുമായി ബന്ധപ്പെട്ട് വിവിധ മത്സര പരിപാടികളും, പ്രഫഷണൽ രീതിയിൽ ക്വിസ് മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്.മലയാള സാഹിത്യത്തിലെ അതുല്യ പ്രതിഭയായ വൈക്കം മുഹമ്മദ്ബഷീറിന്റെ അനുസ്മരണവും വിവിധ പരിപാടികളോടെ നാം നടത്തിയിട്ടുണ്ട്.

**സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്**

കുട്ടികളിൽ ജനാധിപത്യ ബോധം ഉണ്ടാക്കുക, പാർലമെന്ററി സംവിധാനത്തെകുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ നടത്തിയ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് വളരെ ശ്രദ്ധേയമായി.സാധാരണ തെരഞ്ഞെടുപ്പിനെ വെല്ലുന്ന രീതിയിലായിരുന്നു . നാമനിർദ്ദേശ പത്രിക സമർപ്പണം മുതൽ പാർലമെന്റ് അംഗങ്ങളുടെസത്യപ്രതിജ്ഞ വരെയുള്ള പ്രക്രയകൾ കുട്ടികൾക്ക് പഠനാർഹമായിരുന്നു.

തനത് പ്രവർത്തനങ്ങൾ

സബ്ജക്ട്ക്ലിനിക്ക്, അക്ഷരചെപ്പ് പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് ആവശ്യമായ കൈത്താങ്ങ് നൽകി ഉയർത്തികൊണ്ട് വരിക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച സബ്ജക്ട് ക്ലിനിക്ക്



എന്ന പ്രോഗ്രാം ജില്ലയിൽ തന്നെ ഏറെ ശ്രദ്ധിക്കപ്പെടുന്ന പരിപാടിയാക്കാൻ കഴിഞ്ഞു. ഓരോ വിഷയത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കായി പ്രത്യേക പിരിശീലനം നൽകുന്ന പരിപാടിയാണിത്. അധിക സമയം ഉപയോഗപ്പെടുത്തിയാണ് സബ്ജക്ട് ക്ലിനിക്ക് സംഘടിപ്പിച്ചത്.

**പിറന്നാളിനൊരു പൂച്ചട്ടി എൻെറ വിദ്യാലയത്തിന്**

വിദ്യാലയത്തിൻെറ സൗന്ദര്യവത്ക്കരണത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തം ഉണ്ടാക്കുക, വിദ്യാലയം ഒരു ഹരിത ഉദ്യനമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണിത് . കുട്ടികളും അധ്യാപകരും അവരുടെ പിറന്നാൾ ദിനത്തിൽ സ്കൂളിലേക്കായി ഒരു പൂച്ചട്ടി സമ്മാനിക്കുന്നു. ഇത്തരത്തിൽ ധാരാളം പൂച്ചട്ടികൾ സ്കൂളിൽ ലഭിച്ചിട്ടുണ്ട്.

**കൈത്താങ്ങ്**

പാഠപുസ്തകങ്ങളിൽ നിന്നുള്ള അറിവുകൾ സ്വായത്തമാക്കുന്ന ജ്ഞാനകേന്ദ്രങ്ങൾ മാത്രമല്ല വിദ്യാലയങ്ങൾ. വ്യക്തിയുടെ സാമൂഹിക ഉത്തരവാദിത്തങ്ങൾ പാകപ്പെടുത്തേണ്ട ഇടങ്ങൾ കൂടിയാണ്.ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ 'കൈത്താങ്ങ്' പദ്ധതി ഏറെ പ്രശംസക്കർഹമായി.



ഇതിൻെറ ഭാഗമായി അശരണരായ രോഗികൾക്കായി അവശ്യ വസ്തുക്കൾ ഉൾപ്പെടുത്തി ഭക്ഷ്യധാന്യ കിറ്റുകൾ, സാമ്പത്തിക സാഹായം എന്നിവ ഒരുക്കി പൈൻ & പാലിയേറ്റീവ് പ്രവർത്തകരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.കൂടാതെ സാമ്പത്തികമായി പിന്നാക്കം നിൽകുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പഠനോപകരണങ്ങൾ സംഘടിപ്പിച്ച് നൽകാനും കഴിഞ്ഞിട്ടുണ്ട്.



**ലഹരി വിരുദ്ധ കാംപയിൻ**

ലഹരി വിരുദ്ധ കാംപയിൻെറ ഭാഗമായി ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള ബോധവത്ക്കരണ ക്ലാസുകൾ, പ്രതിജ്ഞ, ഡോക്യുമെൻററിപ്രദർശനം, ലഹരി വിരുദ്ധറാലി, വ്യാപാരികൾക്കുള്ള ബോധവത്ക്കരണം, തുടങ്ങിയ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.ലോക ലഹരി വിരുദ്ധദിനവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി സംഘടിപ്പിച്ച ബോധവത്ക്കരണ ക്ലാസിന് നശ മുക്ത്ഭാരത് ട്രൈനർ ശ്രീ. പി എസ് റോബിനും പടിഞ്ഞാറത്തറ ജനമൈത്രീ പോലീ സിൻെറ നേതൃത്വത്തിൽ നൽകിയ ക്ലാസിന് ശ്രീ








സുമേഷ്, ശ്രീ റോജോ എന്നിവരും നേതൃത്വം നൽകി. കേരളപ്പിറവി ദിനത്തിൽ ലഹരി വിരുദ്ധ കാംപയിന്റെ ഭാഗമായി വിദ്യാർത്ഥികളും, അധ്യാപകരും, രക്ഷിതാക്കളും, ജനപ്രതിനിധികളും ചേർന്ന് മനുഷ്യ ചങ്ങല തീർത്തതും ഏറെ ശ്രദ്ധിക്കപ്പെട്ട പ്രവർത്തനമായിരുന്നു.

**സ്വാതന്ത്ര്യദിനാഘോഷം**

ഭാരതത്തിന്റെ ഏഴുപത്തി ആറാം സ്വാതന്ത്ര്യദിനം വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിമുക്ത ഭടൻ ശ്രീ അശോകൻ അവറുകളെ ആദരിക്കുകയും, വർണ്ണാഭമായ റാലി, കുട്ടികളുടെ കലാപരിപാടികൾ എന്നിവ നടത്തുകയുമുണ്ടായി.





**ഓണാഘോഷം**

വൈവിധ്യമാർന്ന പരിപാടികളോടെയാണ് നാം ഓണാഘോഷം സംഘടിപ്പിച്ചത്. പൂക്കള മത്സരം,കുട്ടികളുടെ വിവിധ കലാപരിപാടികൾ, വിവിധ ഫണ്ണീ ഗൈമുകൾ എന്നിവ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. പായസം ഉൾപ്പെടെയുള്ള വിഭവ സമൃദ്ധമായ ഓണസദ്യ ഒരുക്കാനും കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യ ദിനാഘോഷം, ഓണാഘോഷം എന്നിവ വിജയിപ്പിക്കുന്നതിൽ പി ടി എ അംഗങ്ങൾ നൽകിയ സഹകരണം പ്രത്യേകം എടുത്ത് പറയാൻ ആഗ്രഹിക്കുന്നു.





**ഭൗതിക സൗകര്യങ്ങൾ**

നമ്മുടെ വിദ്യാലയം 2013ൽ സെക്കന്ററി സ്കൂളായി അപ്ഗ്രേഡ് ചെയ്തെങ്കിലും കെട്ടിട സൗകര്യമുൾപ്പെടെയുള്ള ധാരാളം പരിമിതികൾ ഉണ്ടായിരുന്നു. നിലവിൽ സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. കേരള സർക്കാറിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂളിനനുവദിച്ച ഒരു കോടി രൂപ ഉപയോഗപ്പെടുത്തി എട്ട് ക്ലാസ് മുറികളുള്ള മനോഹരമായൊരു കെട്ടിടം പൂർത്തിയാക്കി ഉദ്ഘാടനം നടത്താനും ഈ കാലയളവിൽ കഴിഞ്ഞു.ഉദ്ഘാടനത്തോടനുബന്ധിച്ച് വിപുലമായ സ്വാഗതസംഘം രൂപീകരിക്കുകയും ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ ചിട്ടയായി നടത്തി ഉദ്ഘാടനം വിജയിപ്പിക്കാനും കഴിഞ്ഞു. ബഹു. കൽപ്പറ്റ നിയോജക മണ്ഡലം എം എൽ എ ശ്രീ ടി സിദ്ധിഖ് അവറുകളുടെ അധ്യക്ഷതയിൽ ബഹു. കേരള പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ വി ശിവൻകുട്ടി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.
ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ജില്ലാ വിദ്യാഭ്യാസ അധികാരികൾ, പൂർവ്വാധ്യാപകർ, സാമൂഹിക- സാംസ്കാരിക -രാഷ്ട്രീയ-വിദ്യഭ്യാസ രംഗത്തെ പ്രമുഖർ, രക്ഷിതാക്കൾ, പൊതു ജനങ്ങൾ ഉൾപ്പെടെയുള്ള നിരവധിയാളുകളുടെ സാനിധ്യം ചടങ്ങി ന് മാറ്റ് കൂട്ടി. കുട്ടികളുടെ അപേക്ഷ പരിഗണിച്ച് സ്കൂളിനായി ഒരു ബസ് നൽകുമെന്നും, പുതിയ ക്ലാസ് മുറികൾ ഹൈടെക് വത്ക്കരിക്കുന്നതിനാവശ്യമായ പ്രൊജക്ടർ ഉൾപ്പെടെയുള്ളവ അനുവദിക്കാമെന്നുമുള്ള ശ്രീ. ടി സിദ്ധിഖ് എം എൽ എ യുടെ പ്രഖ്യാപനം ഹർഷാരവത്തോടെ





പഠനോപകരണങ്ങൾ, ടി വി, ടോയിസുകൾ, ഊഞ്ഞാൽ, മെറീഗോ റൗണ്ട്, പാർക്ക് മുതലായവ ഒരുക്കിയിട്ടുണ്ട്.

പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങൾക്കായി പ്രത്യകം രണ്ട് ഐ ടി ലാബുകൾ

യാണ് സദസ്സ് സ്വീകരിച്ചത്.

ജില്ലാ പഞ്ചായത്തിൻെറ ഇരുപത്തി അഞ്ച് ലക്ഷം രൂപയുടെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന ആൺ കുട്ടികളുടെയും, പെൺ കുട്ടികളുടെയും ടേയിലറ്റ് ബ്ലോക്കിൻെറ പണി പൂർത്തിയായി. ജില്ലാ പഞ്ചായത്ത് അനുവദിച്ച അഞ്ച് ലക്ഷം രൂപയുടെ ഫൺണിച്ചർ ഉപയോഗപ്പെടുത്തി ലൈബ്രറി നവീകരിച്ചിട്ടുണ്ട്. ലൈബ്രറി പുസ്തകങ്ങൾക്ക് പുറമേ ആനുകാലിക പ്രസിദ്ധീകരണങ്ങളും, പത്രങ്ങളും ലഭ്യമാക്കി വായനാ കോർണർ സജ്ജീകരിച്ചിട്ടുണ്ട്.

സർക്കാറിൻെറ "സ്റ്റാർസ്" പദ്ധതിയിൽ ഉൾപ്പെടുത്തി SSK വയനാട് വഴി അനുവദിച്ച പത്ത് ലക്ഷം രൂപ ഉപയോഗിച്ച് പ്രീ പ്രൈമറി സ്മാർട്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭാഷാ വികസന ഇടം, സംഗീത ഇടം,ഇ ഇടം,നിർമ്മാണ ഇടം,ശാസ്ത്ര ഇടം,ഗണിതഇടം, വരഇടം, പഞ്ചേന്ദ്രിയ ഇടം,കരകൗശല ഇടം,കളി ഇടം, കുഞ്ഞരങ്ങ്, ഹരിതോദ്യാനം, ഫർണ്ണീച്ചർ തുടങ്ങിയ പതിമൂന്നോളം ഇടങ്ങളും ,കുട്ടികൾക്കുള്ള

ഒരുക്കിയുട്ടുണ്ട്.ഇതിനായി വയനാട് കൈറ്റിൽ നിന്ന് കൂടുതൽ ലാപ്ടോപ്പുകൾ ലഭ്യമാക്കി. ഒരു കുട്ടിക്ക് ഒരു ലാപ്ടോപ്പ് എന്ന രൂപത്തിൽ പ്രവർത്തനങ്ങൾ ചെയ്യാനുള്ള സൗകര്യം ഇന്ന് നമ്മുടെ ലാബിലുണ്ട്.ജില്ലാ പഞ്ചായത്ത് അനുവദിച്ച UPS സൗകര്യവും,എം ൽ എ ഫണ്ടിൽ നിന്ന് അനുവദിച്ച ഇൻവെർട്ടർ സൗകര്യവും നമ്മുക്കുണ്ട്. ശ്രീ സിദ്ധിഖ് എം എൽ എ സ്കൂൾ ബസ് അനുവദിക്കുന്നതിനായി ഇരുപത്തി ഒന്ന് ലക്ഷം അനുവദിക്കുകയും അതിൻെറ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിൻെറ ഭൗതിക സൗകര്യങ്ങൾ മെച്ചെപ്പെടുത്തുന്നതിൽ ഫണ്ട് അനുവദിച്ച് കേരള സർക്കാർ,SSK വയനാട്, കൈറ്റ് വയനാട്, ശ്രീ ടി സിദ്ധിഖ് എം എൽ എ, ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ ശ്രീ എം മുഹമ്മദ് ബഷീർ എന്നിവരോടും മറ്റ് ജനപ്രതിനിധികളോടുമുള്ള നന്ദിയും







കടപ്പാടും പ്രത്യേകം രേഖപ്പെടുത്തുന്നു.

**ക്ലാസ് പി ടി എ യോഗങ്ങൾ**

എല്ലാ മാസവും ക്ലാസ് ടെസ്റ്റുകളും യൂണിറ്റ് പരീക്ഷകളും നടത്തി, ശേഷം LP,UP,HS സെക്ഷനുകളുടെ ക്ലാസ് പി ടി എ യോഗങ്ങൾ പ്രത്യേകം വിളിച്ച് ചേർക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ യോഗങ്ങളിലും ഏതാണ്ടെല്ലാം രക്ഷിതാക്കളും പങ്കെടുത്തിരുന്നു. ഇത്തരം സംഗമങ്ങളിൽ വിദഗ്ദരായ എക്സ്പേർട്ടുകളെ ഉപയോഗപ്പെടുത്തി മോട്ടിവേഷൻ ക്ലാസുകളും, ബോധവത്ക്കരണ ക്ലാസുകളും നൽകിയിട്ടുണ്ട്. പത്താം തരം രക്ഷിതാക്കളുടെ മാത്രം പത്തോളം ക്ലാസ് പി ടി എ യോഗങ്ങൾ ചേർന്നത് ഇവിടെ പ്രത്യേകം പരാമർശിക്കാൻ ആഗ്രഹിക്കുന്നു.

> കുട്ടികളുടെ അപേക്ഷ പരിഗണിച്ച് സ്കൂളിനായി ഒരു ബസ് നൽകുമെന്നും, പുതിയ ക്ലാസ് മുറികൾ ഹൈടെക് വത്ക്കരിക്കുന്നതിനാവശ്യമായ പ്രൊജക്ടർ ഉൾപ്പെടെയുള്ളവ അനുവദിക്കാമെന്നുമുള്ള ശ്രീ ടി സിദ്ധിഖ് എം എൽ എ യുടെ പ്രഖ്യാപനം ഹർഷാരവത്തോടെയാണ് സദസ്സ് സ്വീകരിച്ചത്.

**പി ടി എ എക്സിക്യൂട്ടീവ് കമ്മറ്റി യോഗങ്ങൾ**

പി ടി എ കമ്മറ്റി നിലവിൽ വന്ന ശേഷം നാല് എക്സിക്യൂട്ടീവ് യോഗങ്ങൾ, രണ്ട് പി ടി എ & എം പി ടി എ സംയുക്ത യോഗങ്ങൾ,നാല് പി ടി എ , എം പി ടി എ & എസ് എം സി സംയുക്ത യോഗങ്ങൾ എന്നിവ ഉൾപ്പെടെ ആകെ പത്ത് യോഗങ്ങൾ ചേർന്നിട്ടുണ്ട്.യോഗങ്ങളിലെല്ലാം പരമാവധി അംഗങ്ങൾ പങ്കെടുക്കുകയും കൂട്ടായ ചർച്ചകളിലൂടെ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കിയിട്ടുമുണ്ട്. പല പ്രോഗ്രാമുകളും നടത്തുന്നതിനായുള്ള സാമ്പത്തിക ആവശ്യങ്ങൾക്കായി അംഗങ്ങൾ സ്വയം തുക നൽകി സഹരിച്ച കാര്യം കൂടി ഇവിടെ രേഖപ്പെടുത്തട്ടേ. കഴിഞ്ഞ SSLC പരീക്ഷയ്ക്ക് ഗോത്ര വർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിലെത്തിച്ച് പരീക്ഷ എഴുതിക്കുന്നതിൽ പി ടി എ അംഗങ്ങളുടെ സഹകരണം എടുത്ത് പറയേണ്ടതാണ്.വിദ്യാലയ വികസനങ്ങളും നേട്ടങ്ങളും പരിസരവാസികളെ അറിയിക്കുന്നതിനും കുട്ടികളുടെ കുടുംബ സാഹചര്യം മനസ്സിലാക്കുന്നതിനും നടത്തിയ ഗൃഹ സന്ദർശനങ്ങളിലും പി ടി എ അംഗങ്ങളുടെ സഹകരണം ഉണ്ടായിട്ടുണ്ട്.

2022-23 അധ്യയന വർഷം പാഠ്യ-



പാഠ്യേ തര രംഗങ്ങളിൽ ഉയർ നിലവാരം പുലർത്താന് നമ്മുക്ക് കഴിഞ്ഞു. സ്കൂളിൻെറ അക്കാദമിക നിലവാരം ഉയർന്നിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങ ളിൽ വലിയ മാറ്റം വന്നിട്ടുണ്ട്. ഇനിയും സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുണ്ട്.കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടണം. സയൻസ് ലാബുകൾ കൂടുതൽ സൗകര്യപ്പെടുത്തണം, .ചുറ്റുമതിലും, ഗൈറ്റും പുന.നിർമ്മിക്കണം.വാഷ് ഏരിയകൾ പണിയണം. പാചകപ്പുര സൗകര്യപ്പെടുത്തണം.വിശാലമായ ഓഡിറ്റോറിയം വേണം.കൂടുതൽ വിശാലമായ പ്ലേ ഗ്രൗണ്ടിനായി ഭൂമി കണ്ടെത്തണം, ഇതൊരു ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തണം.......... ഇനിയും ഒരുപാട് ലക്ഷ്യങ്ങൾ മുന്നിലുണ്ട്. നമ്മുടെ വിദ്യാലയത്തിൻെറ ഭൗതിക





സൗകര്യങ്ങൾ മെച്ചപ്പെടുത്തു ന്നതിനും, അക്കാദമിക നിലവാരം ഉയർത്തുന്നതിനും സഹായിച്ച ജന പ്രതിനിധികൾ, പി ടി എ, എം പി ടി എ, എസ് എം സി അംഗങ്ങൾ, അധ്യാപകർ,രക്ഷിതാക്കൾ,നാട്ടുകാർ,മറ്റ് ഗുണകാംക്ഷികൾ എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.





കുടിവെള്ള പ്രശ്നം
പരിഹരിക്കപ്പെടണം.
സയൻസ് ലാബുകൾ
കൂടുതൽ സൗകര്യപ്പെടുത്തണം, .
ചുറ്റുമതിലും, ഗെയ്റ്റും
പുന.നിർമ്മിക്കണം.
പാചകപ്പുര സൗകര്യപ്പെടുത്തണം.
വിശാലമായ ഓഡിറ്റോറിയം വേണം.
പ്ലേ ഗ്രൗണ്ടിനായി ഭൂമി കണ്ടെത്തണം.
ഹയർസെക്കണ്ടറി സ്കൂളായി
ഉയർത്തണം

# മനുഷ്യത്വം



AYSHA THAHLIYA
X A

തണുത്തുറഞ്ഞ രാത്രിയിൽ-
കത്തിച്ച് വച്ച
മെഴുകുതിരിയുടെ,
ചെറുനാളം
കാറ്റിലണയുന്ന പോലെ.
അക്രമങ്ങളുടെ കൊടുങ്കാറ്റാൽ,
അണഞ്ഞു കൊണ്ടിരിക്കുന്ന
മനുഷ്യത്വമേ...
നിന്റെ രക്ഷകർ,
വെളിച്ചം തേടിയെത്തുന്ന
ചെറുപാറ്റകൾ,
മെഴുകുതിരി നാളത്തിലേക്ക്
വീണ് സ്വജീവൻ
ത്യജിക്കുന്നത് പോലെ,
മനുഷ്യ കുലത്തിലെ സുജനങ്ങൾ
ത്യാഗങ്ങൾക്ക് വിധേയരാകുന്നു.



# പുഴയോരത്ത്

പുറത്ത് രാത്രി ഇരുട്ട് ആവുകയാണ്. ഒപ്പം മഴയും,നല്ല കാറ്റടിക്കുന്നുണ്ട്. പുഴയിൽ ഇപ്പോൾ വെള്ളം ഒരുപാടായിക്കാണും. പുഴയെ കുറിച്ച് ഓർത്തപ്പോൾ കാറ്റിനൊപ്പം രാമുവിന്റെ മനസ്സിലേക്ക് ദേവിയെക്കുറിച്ചുള്ള ഓർമകളും കടന്നു വന്നു. പുഴക്കരയിൽ ദേവി തനിച്ചായിരിക്കും. കൂട്ടിന് തന്നെ തിരയുന്നുണ്ടാവും. എന്തു ഭംഗിയായിരുന്നു ദേവിയെ കാണാൻ. നീണ്ടു വിടർത്തിയിട്ട മുടി,തിളക്കമുള്ള കരിമഷി എഴുതിയ കണ്ണുകൾ, വെളുത്തിട്ടാണ്, ചെറുതിലെ ദേവിയോടൊപ്പം പുഴക്കരയിൽ പോകാറുണ്ടായിരുന്നു. എന്തു രസമായിരുന്നു.ദേവിയുടെവാർത്തമാനം കേൾക്കാൻ. ദേവിക്ക് പുഴയെ വളരെ ഇഷ്ട്ടമായിരുന്നു. പുഴക്കരേൽ പോണ്ടേന്ന് ദേവി എപ്പോഴും ചോദിക്കാറുണ്ടായിരുന്നു.എനിക്ക്ചിലപ്പോൾ ദേഷ്യം വരും ഈ ദേവിക്ക് വേറൊരു പണിയുമില്ലേന്ന്.അപ്പോ മെല്ലെ ദേവി പറയും നിനക്കറിയില്ല രാമു ഈ പുഴയെ പറ്റി.ഇവിടെ അമ്മയും വല്യേട്ടനും കൂടുങ്ങിയത്.നീ ദേഷ്യപ്പെട്ടാ നിന്നെ ഞാൻ ഒറ്റയ്ക്കാക്കി പോകും. ഈ പുഴയിലൂടെ എനിക്ക് നദിക്കരയെക്കുട്ടാവൂ. നിറഞ്ഞ കണ്ണു തുടച്ച് പറയും.അങ്ങനെയൊന്നും പറയരുത് ദേവി.അപ്പോൾ ദേവി മെല്ലെ ച്ചിരിക്കും.നക്ഷത്രങ്ങൾ തിളങ്ങും പോലെ. ദേവിയെ രണ്ട് ദിവസമായി കാണാനില്ല. മൂന്നാം ദിവസം ആരോ വന്നറിയിച്ചു ദേവികുട്ടിയുടെ ശവം പുഴയിൽ പൊങ്ങി എന്ന്.ഞെട്ടിയില്ല പ്രതീക്ഷിച്ച ഒന്ന് അണഞ്ഞ് പോയപോലെ.പുഴക്കരയിൽ അടക്കണമെന്ന് ആരോടോ പറയുന്നത് അവൻ കേട്ടു.ദേവി എന്തിനാ മരിച്ചത്. ജാതകത്തിന്റെ പേരിൽ നടക്കാതെ പോയ വിവാഹത്തെ കുറിച്ചോർത്തോ? എല്ലാം ഒരു സംശയമാണ്.കിടന്നിട്ട് ഉറക്കം വരുന്നില്ല.രാമു മെല്ലെ എഴുന്നേറ്റു, ജനാലയിലൂടെ നോക്കിയാൽ പുഴയിലെ തിളങ്ങുന്ന ഓളങ്ങളും അക്കരെയുള്ള തെങ്ങുകളും ഇരുട്ടിലൂടെ കാണാം.അവിടെ ദേവി ഇപ്പോൾ മഴ നനയുകയാവും ഈ മഴയിൽ തനിയെ ദേവിക്ക് പേടിയുണ്ടാവും, ദേവിക്ക് കൂട്ടുവേണം.രാമു വാതിൽ തുറന്നു. മഴ,പുഴ നിറഞ്ഞിട്ടുണ്ടാവും അക്കരക്ക് പോകാൻ പറ്റുമോ സാരമില്ല.അവൻ പുഴയെ ലക്ഷ്യം വെച്ച് നടന്നു. നീന്തി വേണം അപ്പുറം കടക്കാൻ,പുഴയിലെ കുത്തൊഴുക്കിലേക്ക് രാമു ഇറങ്ങി ദേവി മാത്രമായിരുന്നു അവന്റെ മനസ്സിൽ.മഴ അപ്പോഴും ഒന്നും സംഭവിക്കാത്ത മട്ടിൽ തിമിർത്ത് പെയ്യുകയായിരുന്നു.

AYSHA JUMANA
X A

# മൂന്ന് വംശങ്ങൾ

ഒരിടത്തോരിടത്ത് വിജയത്തിന് വേണ്ടി കൊതിക്കുന്ന കായികാഭ്യാസിയായ ഒരു കുട്ടി ഉണ്ടായിരുന്നു. അവന് വിജയം എന്നാൽ മത്സരത്തിൽ ഒന്നാമനാവുക എന്നത് മാത്ര മായിരുന്നു. ഒരു ദിവസം അവനും മറ്റു രണ്ടു ചെറിയ കുട്ടികളും കൂടെ അവന്റെ ഗ്രാമത്തിൽ വെച്ച് ഒരു മത്സരം സംഘടിപ്പിച്ചു.ഈ ഒരു മത്സത്തിൽ സാക്ഷികളാവാൻ ഒരുപാട് ജനങ്ങൾ തടിച്ചുകൂടി. കൂട്ടത്തിൽ ഈ മത്സരം കാണാൻ വേണ്ടി ദൂരദിക്കിൽ നിന്ന് വരെ ജനങ്ങൾ ഉണ്ടായിരുന്നു.



ആ കൂട്ടത്തിൽ ഒരു വൃദ്ധനും ഉണ്ട്. കാത്തിരുന്നു,ഒടുവിൽ ആ മത്സരം തുടങ്ങി. തുടക്കത്തിൽ എല്ലാവരും ഒരു പോലെ മുന്നേറിയെങ്കിലും, ആ ചെറിയബാലൻ അവന്റെ കഴിവും ശക്തിയും ഉപയോഗിച്ച് കുതിക്കുകയും ഒന്നാമ നാവുകയും ചെയ്തു.കാണികൾ ആഘോഷത്തോടെ അവനെ എതിരെറ്റു.ആ സമയം ഒരു സന്തോഷവും നടിക്കാതെ ആ വൃദ്ധൻ ശാന്തനായി നിൽക്കുകയും ചെയ്തു. എങ്കിലും ആ കുട്ടിക്ക് അവന്റെ വിജയത്തിന് അഭിമാനം കൊള്ളിച്ചു.

വീണ്ടും അവൻ മത്സരം നടത്താൻ തീരുമാനിച്ചു. രണ്ട് ശക്തമായ ആളുകൾ ആ ചെറു കുട്ടിയോടൊപ്പം മത്സരിക്കാൻ മുന്നോട്ട് വന്നു. മത്സരം തുടങ്ങിയതിനു ശേഷവും അവൻ തന്നെ വീണ്ടും ഒന്നാമനാവുകയും ചെയ്തു. ജനങ്ങൾ വീണ്ടും അവന് വേണ്ടി ആഘോഷങ്ങൾ മുഴക്കി. ഒരു സന്തോഷവും കാണിക്കാതെ ആ വൃദ്ധൻ മാത്രം വീണ്ടും ശാന്തനായി നിന്നു. എങ്കിലും അവന് തന്റെ വിജയത്തിൽ അതിയായ സന്തോഷവും അഭിമാനവും തോന്നി. അടുത്ത മത്സരം അവൻ ആർത്തു വിളിക്കാൻ തുടങ്ങി.ആ സമയം ആ വൃദ്ധൻ മുന്നോട്ട് വരികയും അവന് പുതിയ രണ്ട് എതിരാളികളെ തിരഞ്ഞെടുത്തു കൊടുക്കുകയും ചെയ്തു. അവശനിലയിൽ ഉള്ള ഒരു സ്ത്രീയും, ഒരു അന്ധനുമായിരുന്നു. എന്താണിത്?.ആ കുട്ടി തമാശ രൂപത്തിൽ അദ്ദേഹത്തിനോട് ചോദിച്ചു. ഇതൊരു മത്സര മത്സരം അല്ലല്ലോ. അവൻ അത്ഭുതപ്പെട്ടു പോയി. മത്സരിക്കൂ എന്ന് ആ വൃദ്ധൻ പറഞ്ഞു. ആ കുട്ടി മാത്രം ഓടുകയും ഒന്നാമനായി പൂർത്തിയാവുകയും ചെയ്തു. മറ്റു രണ്ട് പേർ തുടങ്ങിയ സ്ഥലത്ത് തന്നെ നിൽക്കുകയായിരുന്നു. അവൻ സന്തോഷത്താൽ തന്റെ കൈകൾ കാണികൾക്ക് നേരെ കാണിച്ചു. പക്ഷെ ജനങ്ങൾ അവന്റെ വിജയത്തിൽ ഒരു സന്തോഷവും പ്രകടിപ്പിക്കാതെ ശാന്തരായി നിന്നു.എന്ത് പറ്റി?. എന്ന് അവൻ ചിന്തിച്ചു.അവൻ ആ വൃദ്ധനോട് ചോദിച്ചു. ഒന്നുകൂടി മത്സരം നടക്കണം എന്ന് അയാൾ പറഞ്ഞു.ഈ സമയം നിങ്ങൾ മൂന്ന് പേരും ഒരുമിച്ച് മത്സരം പൂർത്തിയാക്കണമെന്നും അദ്ദേഹം പറഞ്ഞു.ആ കുട്ടി ഒന്ന് ആലോചിച്ചു. എന്നിട്ട് മത്സരിക്കുന്നവരുടെ കൂടെ അവരുടെ കൈകൾ പിടിച്ചു. അവൻ വളരെ പതുക്കെ അവരോടൊപ്പം നടക്കാൻ തുടങ്ങി. വൃദ്ധൻ അവനെ നോക്കി പുഞ്ചിരിയോടെ തലയാട്ടി. അവനും പറഞ്ഞറിയിക്കാൻ കഴിയാത്ത സന്തോഷം ഉണ്ടായി...

NASRIYA FATHIMA
X A

# കിളിപ്പാട്ട്

കിളിയെ കിളിയെ നിൻ കൂട് എവിടെ......
കിളിയെ കിളിയെ നിന്നെ കാണാൻ
മോഹം....
കിളിയെ കിളിയെ നിൻ കുഞ്ഞ് എവിടെ.....
കിളിയെ കിളിയെ നിന്നെ കാണാൻ
എന്തൊരു ഭംഗിയാണ്......
വരുന്നോ....വരുന്നോ....എന്റെ കൂടെ നീ.....
എൻ മനസിൽ അഴകാണു നി.....
ആ...ആ...ആ...ഓ...ഓ...
കിളിയെ എന്റെ കൂട്ടുകാരിയാണു നീ....
കിളിയെ കിളിയെ നിൻ കൂടെവിടെ
ഓ.....കിളിയെ നിൻ കൂട്ടിൽ ഞാനും
വരട്ടയോ.....
ആ.....ആ.....ആ.....ആ.....ആ.....





# ജീവിത വിജയം

രാവിലെ മണി 6:00 ജാസ്മിൻ എഴുന്നേറ്റു. കിടക്കയിൽ നിന്ന് എഴുന്നേറ്റ് അവൾ പ്രാർത്ഥനക്ക് വേണ്ടി വുള്ളൂഹ് ചെയ്തു. പിന്നീട് പ്രാർത്ഥനയിലേക്ക് കടന്നു. സമയം 6:30 ജാസ്മിൻ പതിവുപോലെ ചായ കുടിക്കാനായി ഉമ്മയുടെ അടുത്ത് പോയി. ജാസ്മിന്റെ ഉമ്മ നാഫീസാ ഉപ്പ ജബ്ബാർ. ജാസ്മിനും അനിയനും ഉമ്മയും ഉപ്പയും ചേർന്ന ഒരു കൊച്ചുകുടുംബമാണ് അവളുടേത്.ഉമ്മയും അവളും ചായ കുടിച്ചതിന് ശേഷം ജാസ്മിൻ സ്കൂളിലേക്ക് പോകനായി മാറ്റി ഒരുങ്ങി. അവൾ സ്കൂളിലേക്ക് പുറപ്പെട്ടു. വൈകുന്നേരം സ്കൂളിൽ നിന്ന് കിതാച്ചുകൊണ്ടാണ് അവൾ വന്നത്.കാരണം അവൾ അവളുടെ സ്കൂളിലെ ഒരു പ്രേത്യേക സ്കൂളര്ഷിപ്പ് നേടി. അവളുടെ ഉമ്മ അവളെ വാരിപ്പുണർന്നു. നാട്ടിലും സ്കൂളിലും എല്ലാസ്ഥലങ്ങളിലും ജാസ്മിന്റെ പോസ്റ്ററുകൾ ആയിരുന്നു.പക്ഷേ ഓരോ ദിവസം കഴിയുംതോറും ജാസ്മിന്റെ ഉള്ളിലെ സന്തോഷം മായാൻ തുടങ്ങി. കാരണം അവൾ നേടിയ സ്കോളർഷിപ്പ് വിദേശത്ത് പഠിക്കാൻ പോകാൻ പറ്റുന്ന ഒരു സ്കോളർഷിപ്പാണ്.ഒരാഴ്ച കടന്നു പോയി. ഇന്നാണ് അവളുടെ വിദേശത്ത് പഠിക്കാൻ പോകേണ്ട ദിവസം അവളുടെ ഒരുപാട് ഭയന്നിരുന്നു. എയർപോർട്ടിൽ എത്തുന്നതിന് അരമണിക്കൂർ മുമ്പ് ഒരു വലിയ കാർ ആക്സിഡന്റ് നടന്നു. ജാസ്മിന്റെ കാറിലേക്ക് നിയന്ത്രണംവിട്ട മറ്റൊരു കാർ ഇടിച്ചു കയറി ജാസ്മിന് സാരമായ പരിക്കേറ്റു ഉമ്മയും ഉപ്പയും നിസ്സാര പരിക്കോടെ രക്ഷപ്പെട്ടു. ജാസ്മിൻ 6 മാസം കോമാവസ്ഥയിൽ ആയിരുന്നു. ഇപ്പോഴാണ് അവൾക്ക് ബോധം തിരിച്ചു കിട്ടിയത് അവളുടെ കാലുകൾ രണ്ടും തളർന്നു പോയിരുന്നു. ഡോക്ടർമാർ ഇനി അവൾക്ക് നടക്കാൻ പറഞ്ഞു. അവളുടെ എല്ലാവരും വിഷമിച്ചു ആറുവർഷം കഴിഞ്ഞു. ഇപ്പോൾ ജാസ്മിൻ പ്ലസ് ടുവിൽ ആണ് പഠിക്കുന്നത് അവൾക്ക് എന്ത് ചെയ്യാനും ആരുടെയെങ്കിലും സഹായം ആവശ്യമാണ്.അവളുടെ ഈ അവസ്ഥ യൊക്കെ മാറി തുടങ്ങി അവളെ തേടി മറ്റൊരു ദുരന്തം കൂടി എത്തി അവൾ സഞ്ചരിക്കുന്ന വണ്ടിക്ക് വീണ്ടും ആക്സിഡന്റ് പക്ഷേ നിസാര പരിക്കുകൾ അവൾ രക്ഷപ്പെട്ടു. അവൾ സി എ യ്ക്ക് വേണ്ടി പഠിക്കുന്നു. ഒരുപാട് നേരം അവൾ സി എ കിട്ടാൻ വേണ്ടി പരിശ്രമിക്കും. അങ്ങനെ അവളുടെ റിസൾട്ട് വരുന്ന ദിവസം അടുത്തു. അവൾക്ക് ചെറിയൊരു ഭയം ഉണ്ടായിരുന്നു. അവൾ പതിയെ അവളുടെ രജിസ്റ്റർ നമ്പറും മറ്റും അടിച്ചു. റിസൾട്ട് വന്നതും അവൾ ഞെട്ടി അവൾക്ക് മൂന്നാം റാങ്കോടെ വിജയിച്ചു അവളുടെ സന്തോഷം അറിയിക്കുന്നതിലും അധിക മായിരുന്നു. ഇപ്പോൾ അവൾക്ക് ഒരു കാര്യം മനസ്സിലായി എല്ലാം പരിശ്രമങ്ങളും മാറിക്കടന്ന് നമ്മുടെ ജീവിതം നേടണം. ഇപ്പോൾ ജാസ്മിൻ ഒരു സി എ ബിരുദ ധാരിയും ഒരു മോട്ടിവേഷൻ സ്പീക്കറും ആണ്. അവൾ ഇപ്പോൾ സ്വയം അഭിമാനിക്കുന്നു

SHAHANA SHERIN
X A

# കനൽ പാതം താണ്ടി

പ്രഭാത സമയം കിളികളുടെ ശബ്ദം കേട്ടവൾ ഉറക്കമുണർന്നു ജനാലക്കരികിൽ പോയി ജനൽ തുറന്നു നല്ല ഒരു കാറ്റ് അവളുടെ മുഖത്തേക്ക് വീശി സമയം 6:00 മണി അന്ന പെട്ടന്ന് മുറിയിൽ നിന്ന് പുറത്തിറങ്ങി മുത്തശ്ശിയുടെ അടുത്തേക്ക് പോയി മുത്തശ്ശി എഴുന്നേറ്റില്ല അന്ന അവർക്ക് വേണ്ട ഭക്ഷണം ഉണ്ടാക്കി അന്നയും മുത്തശ്ശിയും റൊട്ടിയും ചായയും കുടിച്ചു അന്നയുടെ കുട്ടിക്കാലത്ത് തന്നെ അവളുടെ അച്ഛനും അമ്മയും മരണപെട്ട് പോയി അന്ന അതുകൊണ്ട് മുത്തശ്ശിയുടെ കൂടെയാണ് അങ്ങനെ ഒരു ദിവസം മുത്തശ്ശിക്ക് സുഖമില്ലാതായി മുത്തശ്ശി മരണപ്പെട്ടു അങ്ങനെ അന്ന തനിച്ചായി ആരോരുമില്ലാതെ ഒറ്റപ്പെട്ട് പോയി. മുത്തശ്ശിയുടെ മരണത്തിന് ശേഷം മുത്തശിയെ ഓർത്തും അച്ഛനെയും അമ്മയെയും ഓർത്തും കരയുകയായിരുന്നു. അങ്ങനെ ലക്ഷ്യമില്ലാതെ അവൾ യാത്ര തുടങ്ങി അന്ന നടന്ന് ഒരു കാട്ടിലെത്തി അതൊരു ഭീകരമായ വനമായിരുന്നു. അപ്പോഴേക്കും നേരം ഇരുട്ടിയിരുന്നു ചന്നായകളുടെ ഓരിയിടലും അതിഭയാനകമായ ശബ്ദങ്ങളും അന്ന കേട്ടു കൂരിരുട്ട് ആയപ്പോൾ ശബ്ദങ്ങൾ വർധിക്കാൻ തുടങ്ങി അന്ന പേടിച്ചു വിറച്ചു പോയി അവളുടെ ദേഹം മുഴുവൻ തണുത്ത് മരവിക്കാൻ തുടങ്ങി അന്ന ഒരു മറച്ചുവട്ടിൽ കിടന്നുറങ്ങി അവൾ സ്വപ്നത്തിൽ അവളുടെ മുത്തശ്ശിയുടെ കൂടെയുള്ള ദിവസങ്ങൾ കണ്ടു അവൾ ഉറക്കിൽ നിന്ന് നെട്ടി എണീറ്റു അന്ന എന്ന് മുത്തശ്ശി വിളിച്ചത് പോലെ അവൾക്ക് തോന്നി നേരം പുലർന്നിരുന്നു അവൾ യാത്ര തുടർന്നു ഒരു കിണറിന്റെ അരികിലെത്തി. കുറച്ചു വെള്ളം കുടിച്ചിട്ട് പിന്നെയും അന്ന നടന്ന് ഒരു നദിയുടെ അടുത്തെത്തി ചുറ്റുപാടും നോക്കിയപ്പോൾ ദൂരെ ഒരു വീട് കണ്ടു അന്ന അങ്ങോട്ട് പോയി വീടിന്റെ വാതിലിൽ മുട്ടി ഒരു സ്ത്രീ വാതിൽ തുറന്നു അവളെ അകത്തേക്ക് വിളിച്ചു കൊണ്ട് പോയി മോളെ നീ എങ്ങനെ ഇവിടെത്തി എന്ന് ചോദിച്ചു



നടന്ന സഭവങ്ങളെല്ലാം പറഞ്ഞു അന്ന പെട്ടന്ന് കുളിച്ചു അവർ ഭക്ഷണം കൊടുത്തു ദിവസങ്ങളോളം കഴിക്കാത്തത് കൊണ്ട് അന്ന നന്നായി കഴിച്ചു. സ്ത്രീയും അവരുടെ ഭർത്താവും മാത്രമായിരുന്നു ആ വീട്ടിൽ അവരുടെ മക്കൾ കുട്ടിക്കാലത്ത് തന്നെ മരിച്ചു അന്ന തുടർന്ന് അവരുടെ മകളായി സന്തോഷത്തോടെ ജീവിച്ചു.

Fathima Musfira

# Black mole

ഭാര്യ എട്ട് മാസം ഗർഭിണിയാണ്. അവൾക് വേണ്ട കരുതലും പരിചരണവും യുവനൽകുന്നുണ്ട് അവന് വേണ്ടത് വെളുത്ത ഭംഗിയുള്ള കുട്ടിയെയാണ്. "അവൾക്കോ" എന്താണോ ദൈവം തരുന്നത് അത് മതി യുവ ഓഫീസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനാണ് അയാൾ ജോലി കഴിഞ്ഞ് തിരിച്ച് വീട്ടിൽ പോവുമ്പോൾ പഴവും ,ആപ്പിളും , അനാറും മേടിക്കും ഇതു തിന്നാൽ വെളുത്ത കുട്ടിയെ കിട്ടുമെന്നുള്ള ധാരണയിലാണ് അയാൾ ഇത് മേടിക്കുന്നത്. ഭാര്യ ദിയയ്ക്കാണെങ്കിലോ ഇത് തിന്ന് തിന്ന് ഇത് കാണുമ്പോൾ ഛർദിക്കാൻ വരുംഅങ്ങനെ അവളുടെ പ്രസവ ദിവസം അടുത്തു. ഒരു ദിവസം പുലർച്ചെ അവൾക്ക് വേദന വന്നു യുവ അവളെ ഹോസ്പിറ്റലിൽ കൊണ്ടുപോയി കുട്ടി പുറത്ത് വരാനുള്ള തിടുക്കത്തിലാണ് അതിന്റെ വേദനയിൽ അവളും അങ്ങനെ പുലർച്ചെ 4:30 യ്ക്ക് അവൾ പ്രസവിച്ചു .കുട്ടി പെണ്ണാണ് അവളുടെ നിറം "chocolate shade" ആണ് .യുവ കുട്ടിയെ കണ്ടയുടനെ ആകെ തരിച്ചു പോയി . അതിനു പുറമെ മറ്റൊരു വാർത്ത കൂടി കേൾക്കേണ്ടി വന്നു.ദിയ മരണത്തിന് കീഴടങ്ങിയിരിക്കുന്നു യുവ കുട്ടിയെ വാങ്ങിയില്ല അയാൾ അവിടെ നിന്നും ഇറങ്ങി പോയി.അപ്പോൾ ഇതൊക്കെ കണ്ടിരുന്ന ഒരു സ്ത്രീ കുട്ടിയെ ഏറ്റെടുത്തു അവർ അവൾക് പേരിട്ടു "ഹെലെൻ"തന്റെ സ്വന്തം അമ്മയല്ല ഇതെന്നറിയാതെ അവൾ വളർന്നു .അവളെ സ്കൂളിൽ ചേർത്താൻ സമയമായിരിക്കുന്നു . അങ്ങനെ വീട്ടിനടുത്തുള്ള സ്കൂളിൽ അവൾക് അഡ്മിഷൻ കിട്ടി.അവൾക് പറയാൻ മാത്രം കൂട്ടുകാർ ഇല്ലായിരുന്നു ആവശ്യം വന്നാൽ മാത്രം അവളോട് മിണ്ടുന്ന കൂട്ടുകാർ ആയിരുന്നു അവൾക്കുള്ളത് സമയവും സന്ദർഭവും ഒത്തു വന്നാൽ എല്ലാവരും ഹെലെനെ കളിയാക്കും. അങ്ങനെ അവൾ വളർന്നു



വന്നു അവൾ വലുതാവും തോറും മറ്റുള്ളവർക്ക് അവളോടുള്ള പുച്ഛം കൂടി വന്നു ഹെലെൻ ആദ്യമൊന്നും ഇതത്ര കാര്യമാക്കിയിരുന്നില്ല പിന്നീടവൾ ഇതിനെതിരെ പ്രതികരിക്കാനും കരയാനും തുടങ്ങി .അവളുടെ ഈ പ്രശ്നം നിമിത്തം ഒരുപാട് സ്കൂളുകളിൽ അവൾ കയറി ഇറങ്ങി .ഇപ്പോൾ ഹെലെൻ പത്താം ക്ലാസ്സിലാണ് .അവൾ വീട്ടിൽ നിന്നും ഒരുപാട് അകലെയുള്ള സ്കൂളിലാണ് പഠിക്കുന്നത്.അങ്ങനെയിരിക്കെ അവൾക് അവളുടെ ക്ലാസ്സിലുള്ള റാമിനോട് ഇഷ്ടം തോന്നി അവൾ അവനോട് മിണ്ടാൻ ചെന്നു പക്ഷെ അവൻ അവളെ ആട്ടിയോടിച്ചു.ഇത് സഹിക്കാൻ പറ്റാത്ത അവൾ ഒരു പാട്



കരഞ്ഞു ഇത് കണ്ട അവളുടെ ക്ലാസ്സിലെ ഒരു കുട്ടി സാറിന്റെ അടുത്ത് പരാതിപെട്ടു. സാർ വന്ന് അവളോട് കാര്യമന്വേഷിച്ചു അങ്ങനെ അവളെ മോട്ടിവേഷൻ ക്ലാസ് കേൾക്കാൻ പറഞ്ഞയച്ചു . അതിൽ ടീച്ചർ പറഞ്ഞ ഒരു വാക്ക് അവൾ ശ്രദ്ധിച്ചു കേട്ടു."തനിക്ക് ഇഷ്ടമുള്ളത് പ്രവർത്തിക്കുക നമ്മൾ ചെയ്യുന്ന ഓരോ പ്രവർത്തിയിലും മറ്റുള്ളവർ ഓരോന്ന് പറയും അതിന് ചെവി കൊടുക്കാതിരിക്കുക"അവൾ അന്ന് അതോർത്തു കിടന്നു പിന്നീടാവലിൽ വലിയ മാറ്റങ്ങൾ സംഭവിച്ചു മറ്റുള്ളവർ അവളെ കളിയാക്കുന്നത് അവൾ ഒരു പുഞ്ചിരി കൊണ്ട് തള്ളി കളഞ്ഞു അതിനു ശേഷം ആരും അവളെ പുചിക്കാനൊ കളിയാക്കണോ നിന്നില്ല അവൾ പിന്നീടങ്ങോട്ട് സ്കൂളിൽ പോവുന്നതും വരുന്നതും വലിയ സന്തോഷത്തിലായി അവൾക് പതിയെ പതിയെ കുറേ നല്ല കൂട്ടുകാരെ കിട്ടി. തന്റെ 9 വർഷം വെറുതെ പാഴക്കിയതിൽ അവൾക് കുറ്റബോധം തോന്നി പക്ഷെ അവൾ ഇപ്പോ സന്തോഷത്തിലാണ് അവൾ വളർന്നു വലുതായി തന്റെ ജീവിതാനുഭവം അവൾ നോവലാക്കി എഴുതി പ്രേക്ഷകർ അവളെ "blackmole " എന്ന് വിശേഷിപ്പിച്ചു

SAHALA FATHIMA

XA

# ബുദ്ധിമാനായ മന്ത്രി

MUHAMMED AJNAS
XA


പണ്ട് ഒരിക്കൽ ഒരു രാജ്യത്തെ രാജാവ് ആയിരുന്ന ഉബ്രാഹീം. പ്രായമായി വരികയായിരുന്നു. അതിനാൽ തന്റെ രാജ്യം കൈമാറാൻ അദ്ദേഹം ഉദ്ദേശിച്ചു. തനിക്ക് മൂന്ന് മക്കൾ ആണ് ഉള്ളത്.ഇളയവൻ ജനിച്ചതോടെ ഭാര്യ മരിച്ചുപോയി. മൂത്ത മകൻ ജാസിം രണ്ടാമത്തവൻ ഹിഷാം ഇളയവൻ റാഷിദ് . രാജാവ് തന്റെ മക്കളെ അരികിലേക്ക് വിളിച്ചു എന്നിട്ട് പറഞ്ഞു ഞാൻ ഈ രാജ്യം നിങ്ങളിൽ ഒരാളെ ഏൽപ്പിക്കുകയാണ് അതിനാൽ നിങ്ങൾ നിങ്ങളുടെ യോഗ്യത എന്നെ ബോധിപ്പിക്കുക. അതിനായി തന്റെ മന്ത്രിയായ യൂസുഫിനെ വിളിച്ചു. എന്നിട്ട് കാര്യം പറഞ്ഞു അപ്പോൾ മന്ത്രി പറഞ്ഞു രാജാവേ നിങ്ങൾ അവർക്കിടയിൽ ഒരു മത്സരം വെക്കുക, ആ മത്സരത്തിൽ ആരാണോ ജയിക്കുന്നത് രാജ്യം അവർക്ക് നൽകാം. ഈ വിവരം അറിഞ്ഞ മൂന്ന് മക്കളും താൻ ജയിക്കണം എന്ന ആഗ്രഹത്തോടെ നല്ല പ്രവർത്തനങ്ങൾ ചെയ്യാൻ തുടങ്ങി. ഇതറിഞ്ഞ രാജാവ് മന്ത്രിയെ വിളിച്ചു. എന്നിട്ട് താൻ വീണ്ടും തന്റെ ആശങ്ക മന്ത്രിയോട് പറഞ്ഞു. അപ്പോൾ മന്ത്രി രാജാവിന്റെ ചെവിയിൽ ഒരു കാര്യം പറഞ്ഞു ഇത് കേട്ട രാജാവ് വളരെ സന്തോഷത്തിൽ ആയി. രാജാവ് തന്റെ മൂന്ന് മക്കൾക്ക് മൂന്ന് കറുത്ത പശുവിനെ നൽകി എന്നിട്ട് പറഞ്ഞു ഇതിനെ കൂടുതൽ ആരാണോ നോക്കുന്നത് അപ്പോൾ ഈ പശു കറുത്തകളറിൽ നിന്ന് വെളുത്ത നിറമായിമാറും അപ്പോൾ അവനാണ് രാജാധികാരം. ഇത് കേട്ട് മൂന്ന് മക്കളും പശുവിനെ നന്നായി ശ്രദ്ധിക്കാൻ തുടങ്ങി. കുറച്ചു ദിവസം കഴിഞ്ഞിട്ടും ആരുടെയും പശു വെളുത്ത നിറം ആയില്ല. അപ്പോൾ ജാസിമും ഹിഷാമും തന്റെ പശുവിനെ വെളുത്ത നിറമടിച്ചു. എന്നിട്ട് കൊട്ടാരത്തിൽ പ്രവേശിച്ചു. തന്റെ സഹോദരൻ റാഷിദ് കറുത്ത പശുവുമായി വരുന്നത് കണ്ട് മറ്റുള്ളവർ അവനെ പരിഹസിച്ചു. അപ്പോൾ രാജാവ് ആയ ഇബ്രാഹിം തന്റെ മകനായ റാഷിദിനെ രാജാവ് ആയി പ്രഖ്യാപിച്ചു . രാജാവ് മറ്റുള്ളവരോട് പറഞ്ഞു കറുത്ത പശു ഒരിക്കലും വെളുത്ത നിറം ആവുകയില്ല. രാജാവിനെ വഞ്ചിച്ച മറ്റു മക്കൾക്ക് ശിക്ഷ നൽകുകയും ചെയ്തു . ഈ കഥയിലൂടെ നമ്മുക്ക് മനസ്സിലിക്കാം നമ്മൾ മറ്റുള്ളവരെ വഞ്ചിക്കാൻ പാടില്ല.

# അധ്വാനത്തിന്റെ ഫലം

MUHAMMED RISHAN

X A

ഒരു ജൂൺ മാസം തെരുവിലൂടെ അലഞ്ഞു നടക്കുന്ന ഗേറ്റോ പത്താം ക്ലാസ് കഴിഞ്ഞ് പ്ലസ് വൺ അഡ്മിഷൻ വേണ്ടി കാത്തിരിക്കുന്ന അങ്ങനെ ആ ദിവസം വന്നെത്തി. ആഗ്രഹിച്ചതുപോലെ ഒരു സ്കൂൾ സ്കൂളിൽ അഡ്മിഷൻ കിട്ടുമെന്ന് ഒരു വ്യക്തി പറഞ്ഞപ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നി. ആകാംക്ഷയോടെ ആ ദിവസത്തിനു വേണ്ടി കാത്തിരുന്നു. ആ ദിവസത്തിലേക്ക് ഗേറ്റോയുടെ പാദങ്ങൾ എത്തിച്ചേരാൻ ഇനി വെറും രണ്ടുദിവസം മാത്രമേ ഉള്ളൂ. സ്കൂളിൽ സ്കൂളിൽ പോകാനുള്ള എല്ലാ തയ്യാറെടുപ്പുകളും നടത്തുന്ന ആ സമയത്ത് ഗെറ്റയുടെ മൊബൈൽ ഫോണിലേക്ക് ഒരു കോൾ വന്നു. അപ്രതീക്ഷിതമായ ആ കോൾ ഗെറ്റ് എടുത്തു ഫോണിലൂടെ വരുന്ന ആ വാക്കുകൾ കേട്ട് ഗെറ്റ് അവിടെ ഒന്നും പറയാനാവാത്ത അവസ്ഥയിൽലായി. തൊട്ടടുത്ത ഹോട്ടലിൽ കയറി ഗേറ്റ് ഒരു ഗ്ലാസ് വെള്ളം കുടിച്ചു ഒരു ആത്മശ്വാസം ഉള്ളിലേക്ക് വലിച്ചു വിട്ടു പിന്നീട് ഗേറ്റ് വീട്ടിലേക്ക് ബഹളങ്ങൾ കേട്ടുകൊണ്ടിരുന്നു ഒടുവിൽ വീട്ടിലെത്തി വീട്ടിലെത്തിയപ്പോൾ ഗെറ്റ് അച്ഛനും അമ്മയും കരയുകയായിരുന്നു എന്താണെന്നും തിരക്കിയപ്പോൾ ഗേറ്റോയുടെ ജേഷ്ഠൻ മരിച്ചിരിക്കുന്നു. ഗൾഫിൽ വച്ച് ഗഗേറ്റോയുടെ കണ്ണിലെ കണ്ണുനീർ ഭൂമിയിലേക്ക് പതിച്ചു കൊണ്ടേയിരുന്നു. അച്ഛനും അമ്മയും കിടപ്പിലായിരുന്നു. ആകെ ഗേറ്റയുടെ കുടുംബത്തിൽ വരുമാനമുള്ള ഒരാൾ ജേഷ്ഠനായിരുന്നു വീട്ടിലെ ഗേറ്റോയുടെ സ്കൂളിലെ ചിലവും എല്ലാം നോക്കിയിരുന്നത് തെറ്റുകളിൽ ജേഷ്ഠനായിരുന്നു. ദിവസങ്ങൾ പോയിക്കൊണ്ടിരുന്നു ഗേറ്റോയുടെ ജേഷ്ഠന്റെ എല്ലാ ആരാധന കർമ്മങ്ങളും അവസാനിച്ചു. എല്ലാ ബന്ധുക്കളും അവരവരുടെ കാര്യങ്ങളിൽ ഏർപ്പെട്ടു കൊണ്ട് തിരിച്ചു മടങ്ങി കുറച്ചു ദിവസങ്ങൾ കൂടി കടന്നുപോയി ഗെറ്റയുടെ വീട്ടിലെ കാര്യങ്ങൾ നോക്കി നടത്തേണ്ടത് വലിയ ചുമതലയായി മാറി അസുഖം ബാധിച്ചുകിടക്കുന്ന അച്ഛനെയും അമ്മയെയും ചികിത്സിക്കണം മാത്രമല്ല പ്ലസ് വൺ പഠനവും ഇതിനെല്ലാം കൂടി ഒരു വരുമാനം കണ്ടെത്തണം എന്ന് ഒറ്റ ചിന്തയുമായി ഗേറ്റോ ഒരു ചെറിയ ജോലിയും അന്വേഷിച്ച് പുറപ്പെട്ടു. ഒടുവിൽ ഒരു ആഴ്ചയ്ക്ക് ശേഷം ഒരു ഹോട്ടലിൽ ജോലി ലഭിച്ചു പിന്നീട് അങ്ങോട്ട് ജീവിതം വളരെ തിരക്കേറിയതായിരുന്നു രാവിലെ പുലർച്ച അഞ്ചുമണിക്ക് എഴുന്നേറ്റ് ഹോട്ടലിൽ പോയി എട്ടു മണിയാകുമ്പോൾ അച്ഛനും അമ്മയ്ക്കും ഉള്ള മരുന്നുകൾ വാങ്ങി വീട്ടിലെത്തി മരുന്നുകൾ അച്ഛനും അമ്മയ്ക്കും കൊടുത്തു കഴിഞ്ഞു ഗേറ്റോ കുളിച്ചൊരുങ്ങി സ്കൂളിലേക്ക് പോകുമായിരുന്നു സ്കൂളിൽ നിന്നും നാല് മണിയാകുമ്പോൾ ഹോട്ടലിൽ എത്തി രാത്രി 9 മണിവരെ ജോലിയെടുത്ത് കിട്ടുന്ന കാശും വാങ്ങി ഗേറ്റോ വീട്ടിലേക്ക് പുറപ്പെടും പോകുന്നതിനു മുമ്പ് ഹോട്ടലിൽ നിന്ന് ബാക്കിയുള്ള ഭക്ഷണത്തിൽ നിന്നും കുറച്ച് ഗേറ്റോ കെട്ടിയുടെ അച്ഛനും അമ്മയ്ക്കും ഉള്ള ഭക്ഷണം പൊതിഞ്ഞ് എടുക്കുമായിരുന്നു വീട്ടിലെത്തിയ അച്ഛനും അമ്മയെയും ഭക്ഷണം കഴിപ്പിക്കും മരുന്നു കൊടുത്ത് കിടത്തി ഉറക്കം ഇതൊക്കെ കഴിഞ്ഞു ഗേറ്റോ് ഉറങ്ങുമ്പോൾ സമയം 11 മണിയാകുമായിരുന്നു. നാലുമണിക്ക് പോകും ഇങ്ങനെ ജീവിച്ചു പോകുന്നതിനിടെ മരിച്ചുപോയ ജേഷ്ഠന്റെ ബാങ്കിൽ നിന്നും എടുത്ത ലോൺ അടച്ചു തീർക്കേണ്ട സമയം കഴിഞ്ഞു ബാങ്കുകാർ ജപ്തി നോട്ടീസുമായി വീട്ടിലെത്തി അവരുടെയൊക്കെ കാൽ പിടിച്ച് കരഞ്ഞു



പറഞ്ഞപ്പോൾ അവർ ഗെറ്റോയുടെ കഷ്ടപ്പാട് കണ്ട് കുറച്ച് ദിവസം കൂട്ടികൊടുത്തു ഇതുകേട്ടപ്പോൾ തന്നെ അവൻ ഒരു ദീർഘശ്വാസം വിട്ടു പിന്നീട് സ്കൂളിൽ പോക്ക് ഒഴിവാക്കി മുഴുവൻ സമയവും ഹോട്ടലിൽ ജോലിക്ക് പോകാൻ തുടങ്ങി. അങ്ങനെ ഗേറ്റോയുടെ പ്ലസ് വൺ പ്ലസ് ടു സ്കൂൾ ജീവിതം മുടങ്ങി എല്ലായിപ്പോഴും ജോലിക്ക് പോയിപ്പോയി അവൻറെ ജേഷ്ഠന്റെ ലോൺ അടച്ചു തീർത്തു തന്റെ മാതാപിതാക്കളുടെ രോഗം മാറ്റാനുള്ള ചികിത്സ ചെയ്തുകൊണ്ട് അവരെ സുഖപ്പെടുത്തിയെടുത്തു.പിന്നീട്അവൻറെ ജീവിതം ആകെ തകിടം മറിയുകയാണ് ഹോട്ടലിൽ നിന്നും നന്നായി പാചകം ചെയ്യാൻ പഠിച്ചു കേട്ടോ അവൻ അധ്വാനിച്ച് കൂട്ടിക്കൂട്ടി വെച്ച പണത്തിൽ നിന്നും ഒരു ചെറിയ പ്രദേശത്ത് ഒരു തട്ടുകട തുടങ്ങി. ആ പ്രദേശം വളരെ പ്രകൃതിദത്തവും ആയിരുന്നു സ്വന്തം പാകം ചെയ്തു ഭക്ഷണം കൊടുക്കാൻ തുടങ്ങി. ആ സ്ഥലത്ത് പ്രകൃതി ഭംഗി ആസ്വദിച്ച് ജനങ്ങൾ ഗെറ്റോയുടെ ചെറിയ തട്ടുകടയിൽ വരാൻ തുടങ്ങി. കൊടുക്കുന്ന ഭക്ഷണം വളരെ രുചിയേറിയതും ആയിരുന്നു അങ്ങനെ കുറെ ദിവസങ്ങൾക്കു ശേഷം അവിടെ വിദേശികളും വരാൻ തുടങ്ങി പിന്നീട് ഗേറ്റ് ലോട്ടറി അടിച്ചത് പോലെ ആയിരുന്നു കച്ചവടത്തിൽ നിന്നും ലഭിച്ച പണം കൊണ്ട് ആ ചെറിയ തട്ടുകട ഒരു ഹോട്ടലായി മാറി പിന്നീട് കുറച്ചു കാലങ്ങൾക്ക് ശേഷം രണ്ട് റസ്റ്റോറന്റും മൂന്ന് ഹോട്ടലും രണ്ട് സ്പോർട്സ് കടയും ഗേറ്റോയുടെ ഇരുപത്തിയഞ്ചാം വയസ്സിൽ അവൻ നേടിയെടുത്തു. 25 വയസ്സ് ആയതുകൊണ്ട് തന്നെ ഗേറ്റോയ്ക്ക് വിവാഹം അന്വേഷണം നടത്തി വിവാഹം കഴിക്കുകയാണ് വിവാഹം കഴിഞ്ഞ ഒരു മാസം കഴിഞ്ഞപ്പോൾ ഗേറ്റോ ലോകത്ത് ഏറ്റവും കൂടുതൽ സ്നേഹിച്ച അമ്മയും അച്ഛനും ഒരുമിച്ച് മരണപ്പെട്ടു പോവുകയാണ്. പിന്നീട് മാതാപിതാക്കളുടെ ആരാധന കർമ്മപരിപാടികൾ അവസാനിപ്പിച്ച് തന്റെ ഭാര്യയോടൊപ്പം സുഖമായി ജീവിക്കുകയാണ്.



# പുഞ്ചിരി

പുഞ്ചിരിച്ചു കൊണ്ട് കടന്നുപോയികാലം
നദിപോലെ ഒഴുകിയോഞാൻ..?
പുഞ്ചിരിയല്ലതെ മറ്റൊന്നിനെയും
എനിക്ക് അറിയില്ല,ഒർമയില്ല.
അറിയാനും നൽകാനും കഴിഞ്ഞില്ല

കരയേണ്ട ആരും,കണ്ണിരെല്ലാം ഒഴുകി
മണ്ണിലമരട്ടെ!അടിയൊഴുക്കുകളാകട്ടെ..
ചെടികൾക്ക് നീരേകട്ടെ,
അവരും പൂക്കട്ടെ പുഞ്ചിരിക്കട്ടെ...
പൂക്കാലം കൊണ്ടുവന്നിടട്ടെ,
കാലം പിന്നോട്ടൊഴുകാതെ.....



# പ്രകൃതി

പ്രകൃതി അത് അതിമനോഹരമാണ്. എല്ലാ ജീവജാലങ്ങളും വസിക്കുന്ന ഒരു സ്ഥലമാണിവിടെ. നമ്മൾ പ്രകൃതിയെ നശിപ്പിക്കുകയല്ല വേണ്ടത്. സംരക്ഷിക്കുകയാണ്. ഈ കാണുന്ന നമ്മുടെ പ്രകൃതി നശിക്കാൻ കാരണം നമ്മൾ തന്നെയാണ്. നമ്മൾ ഉത്പാദിപ്പിക്കുന്ന ഫാക്ടറിയിലെ പുകകളും വാഹനങ്ങളിൽ നിന്നും വരുന്ന പുകകൾ ഇതുപോലെയുള്ള ഒട്ടനവധി കാര്യങ്ങൾ നമ്മൾ മനുഷ്യർ ചെയ്യുന്നത് കൊണ്ടാണ് ഈ പ്രകൃതി നശിക്കുന്നത്. മരങ്ങൾ നട്ടുപിടിപ്പിച്ചു പ്രകൃതിയെ സുന്ദരമാക്കി എടുക്കണം ഒരു മരം നമ്മൾ മുറിക്കുമ്പോൾ ഒരുപാട് തൈകൾ നടണം നമ്മുടെ പ്രകൃതിയെ നശിപ്പിക്കാൻ ഉള്ളതല്ല അത് നന്നായി സംരക്ഷിച്ചു നമ്മുടെ ജീവിത അവസാനം വരെ അതിനെ നട്ടു നനച്ചു കൊണ്ടുവരണം.



നമ്മുടെ പ്രകൃതിയിലേക്ക് ഒന്ന് സൂക്ഷിച്ചു നോക്കിയാൽ നമുക്കു മനസ്സിലാക്കും ആ പ്രകൃതി എത്ര മനോഹരമാണെന്ന്. ഒരുപാട് മരങ്ങളും മരങ്ങളിൽ പഴം തിന്നാൻ പക്ഷികളും അണ്ണാറക്കണ്ണൻമാരും വരും വയലുകളിൽ കൃഷി ചെയ്യുന്ന കർഷകരും ഉണ്ടാവും ഇതെല്ലാം വച്ചുനോക്കുമ്പോൾ പ്രകൃതി എത്ര മനോഹരമാണ്. പ്രകൃതിയെ നന്നായി ആസ്വദിച്ചു വേണം ജീവിക്കാൻ. പ്രകൃതിയിലെ സുന്ദരമായ പുഴകൾ നശിപ്പിക്കാൻ പാടില്ല. ഓരോ മരത്തിലെ ഇലകൾ പറിക്കുമ്പോഴും അതിന് ഒരുപാട് വേദനയുണ്ടാവും. ഒന്നും നമ്മൾ പ്രകൃതിയിലെ നശിപ്പിക്കാൻ പാടില്ല. എല്ലാ ജീവജാലങ്ങളും താമസിക്കുന്ന ഒരു സ്ഥലം കൂടിയാണ് പ്രകൃതി.ഈ പ്രകൃതിയെ നമ്മൾ നന്നായി സംരക്ഷിക്കണം

**ത്വാഹിറ നബീല**

# ഒരു നേരത്തെ അന്നം

കെട്ടി ഉയർത്തിയ മണി മാളികയ്ക്ക് മുൻപിൽ കാലിന്മേൽ കാൽ കേറ്റി ഇരിക്കുകയായിരുന്നു ദിവ്യൻ.ഉയർത്തിക്കെട്ടിയ മതിലിനപ്പുറം കാവൽ ഇരിപ്പുണ്ട് ശൗര്യം ഒട്ടും കുറയാതെ ഒരു ശ്വനകൻ.ധൈര്യത്തിൽ ആർക്കും ആ മണിമാളികയ്ക്കുള്ളിൽ കയറി ചെല്ലാൻ സാധിക്കില്ല. അപ്പോൾ അവിടേക്ക് ഒരു ഭാണ്ഡകെട്ടുമായി ഒരു യാചകൻ വന്നു. അയാൾക്ക് ആ ദിവ്യൻ ഒരു പത്തു രൂപ നീട്ടി.അയാൾ ഗേറ്റിനകത്തിലൂടെ അകത്തേക്ക് എത്തി നേക്കി. അവിടെ ഒരു പാത്രത്തിൽ ഇറച്ചിയും രണ്ട് മൂന്ന് പാത്രത്തിൽ നിറയെ ബിസ്കറ്റും ഉണ്ടായിരുന്നു. തന്റെ കയ്യിലുള്ള പത്ത് രൂപയുമായി അയാൾ നടന്നു നീങ്ങി. ഒരു നേരത്തെ അന്നത്തിനായ്....

SHAHANA SHERIN. M
X A

# നല്ല നാളെ

ഒരു നാട്ടിൽ ഒരു പണക്കാരനായ വ്യക്തി ഉണ്ടായിരുന്നു. അയാളുടെ പേരാണ് ഡഗ്ലസ്. ഡഗ്ലസ് വളരെ അധികം അഹങ്കാരിയായിരുന്നു. ഒരിക്കൽ ഡഗ്ലസ് തന്റെ ഉയർന്നു നിൽക്കുന്ന മണിമാളികക്ക് മുൻപിൽ വിശ്രമിക്കുകയായിരുന്നു. അപ്പോഴാണ് അവിടെ ജോലി ചെയ്യുന്ന പണിക്കാരനായ ദാസൻ അത് ഓർത്തത്. തനിക്ക് ശമ്പളം 15000 രൂപയാണ് മാസം എന്നാൽ പണ്ട് തനിക്ക് മുമ്പതിനായിരം (30000)രൂപ ശമ്പളം ഉണ്ടായിരുന്ന. ആ ദുഷ്ടൻ വേണു വന്നതിൽ പിന്നെ തന്റെ ശമ്പളം പകുതിയായി കുറഞ്ഞു. ദാസൻ ഇത് ഓർത്തതിന് ശേഷം വേഗം വേണുവിന്റെ അടുക്കൽ പോയി പറഞ്ഞു. ഡഗ്ലസ് മുതലാളിയുട നായയെ പുറത്തു ഇറക്കാൻ നേരമായി. വേണു ഉടൻ തന്നെ ഡഗ്ലസിന്റെ നായയെ കൂട്ടിൽ നിന്ന് ഇറക്കി പെട്ടെന്നാണ് അത് സംഭവിച്ചത് ഡഗ്ലസിന്റെ നായ ഡഗ്ലസിനെ കടിച്ച് കീറി. വേണു തലനാരിഴക്ക് രക്ഷപ്പെട്ടു. ഡഗ്ലസ് ആശുപത്രിയിലായി വേണുവിനെ ജോലിയിൽ നിന്നും പുറത്താക്കി. ഈ വാർത്ത ദാസൻ കേട്ടപ്പോൾ അവൻ ഒരു പാട് സന്തോഷിച്ചു. കാരണം ഡഗ്ലസിന്റെ നായക്ക് പേ ഏറ്റത് അറിയാവുന്നത് ദാസൻ മാത്രമായിരുന്നു. ഡഗ്ലസിനെ കടികുന്നതിന് 10മിനിറ്റ് മുൻപ് ആണ് നായയുടെ വ്യത്യസ്ത സ്വഭാവത്തിലൂടെ ദാസൻ അത് മനസ്സിലാക്കിയത്. ദാസൻ കരുതിയത് ഇനി തനിക്ക് ശമ്പളം 30000 രൂപയാകും എന്നായിരുന്നു.പെക്ഷ അവൻ പോലും പ്രതിക്ഷിക്കാതെ കാരണമൊന്നുമില്ലാതെ ദാസനെയും ഡഗ്ലസ് പിരിച്ചുവിട്ടു. ദാസൻ കേണ പേക്ഷിച്ചെങ്കിലും ഫലം കണ്ടില്ല. മൂന്ന് വർഷങ്ങൾക്ക് ശേഷം...............

ഇപ്പോൾ വേണു പഠിച്ച് ഒരു കലക്ടർ ആയി. അവൻ ഒരിക്കൽ തന്റെ കലക്ടർ പദവി ആസ്വദിച്ചു കൊണ്ട് യാത്ര ചെയ്യവേ ഒരാൾ അവരുടെ വണ്ടിക്ക് കൈനീട്ടി.അവൻ വണ്ടി നിർത്തി നോക്കുമ്പോൾ അത് ദാസൻ ആയിരുന്നു അവൻ ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി അലയുകയായിരുന്നു. അതിനിടയിലാണ് ദാസൻ കാറിന് കൈ നീട്ടിയത് ദാസൻ എല്ലാ കാര്യവും പറഞ്ഞു. വേണു അവന്ന് മാപ്പ് നൽകി



**ഷംന ഷെറിൻ എം**

# അന്നൊരു യാത്രയിൽ



HIBA NASRI
X A

നാഗ്പൂർ എന്ന കൊച്ചു ഗ്രാമം അവിടെ സന്തോഷത്തോടെയും സമാധാന ത്തോടെയും കഴിഞ്ഞിരുന്ന ഒരു കൊച്ചു കുടുംബം ഉണ്ടായിരുന്ന അമ്മയും അച്ഛനും മൂന്നു കുട്ടികളും അടങ്ങുന്ന ഒരു കുടുംബം അയോറ പത്താം ക്ലാസിൽ പടിക്കുന്ന വിദ്യാർത്ഥിനിയാണ് കുടുംബത്തിലുള്ള സങ്കടങ്ങൾ കൊണ്ട് പഠനത്തിൽ ശ്രദ്ധ ചെലുത്തിയിരുന്നില്ല അയോറ. അവളുടെ അച്ഛൻ കുറച്ച് വർഷം മുമ്പ് അങ്ങാടിയിലേക്ക് പോകുമ്പോൾ ഒരു ആക്സിഡൻറി സംഭവിച്ച കിടപ്പിലായി. ഇതോടെ അമ്മയായി വീടിന്റെ എല്ലാം. അവൾക്ക് ചേച്ചിയും ചേട്ടനും ഉണ്ട് രണ്ടും പേരും പഠിക്കുകയാണ്. ചേച്ചി ഡിഗ്രി ഒന്നാം വർഷം. ചേട്ടൻ B. Tech. അവരുടെ ആവശ്യത്തിന് തന്നെ ഒരുപാട് പണം ആവശ്യമാണ്. ഇപ്പോൾ അയോറയ്ക്ക് സ്കൂളിൽനിന്ന് പഠനയാത്ര പോകണം. പോയേ പറ്റൂ എന്ന വാശിയിലാണ് അവൾ സാമ്പത്തിക പ്രശ്നം അവളുടെ അമ്മ മുന്നിൽ കണ്ടു. അമ്മ അവളോട് പറഞ്ഞു ഞാൻ ആലോചിച്ചിട്ട് പറയാം. അന്ന് രാത്രി അവൾ ഉറങ്ങിയില്ല ഇവരുടെ ഓരോ വാക്കുകളും അവളുടെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. അവർ അവരോട് തന്നെ ചോദിച്ച

" എവിടുന്ന കിട്ടും പണം"
" എന്ത് പറയും അവളോട് "

അവർ ചിന്താവിഷ്ടയായി. തന്റെ കാര്യം പറയാൻ ആരുമില്ലെന്ന് സങ്കടം അവരെ അലട്ടിയിരുന്ന അവർ കിടക്കപ്പായയിൽ നിന്നെഴുന്നേറ്റ തന്റെ പണപ്പെട്ടിയെ പറ്റി അവർ ഓർത്തു. അവരത് എടുക്കാൻ ചെന്നു. അപ്പോൾ അ അയോറയുടെ അച്ഛൻ ചോദിച്ച നീ എന്തു ചെയ്യുക കിടക്കുന്നില്ലേ? അവർ പറഞ്ഞു മോൾക്ക് സ്കൂളിന്റെ പഠനയാത്ര പോകണം അതിലുള്ള പണം തിട്ടപ്പെടുത്തുകയാണ് ഞാൻ എന്റെ കൈവശം അതിനുള്ള പണം ഉണ്ടാവുമോ എന്നറിയില്ല ഉള്ളത് എത്രയെന്ന് നോക്കട്ടെ അവർ പെട്ടി പൊട്ടിച്ചു. പണം എണ്ണി നോക്കി അവൾക്ക് വേണ്ടത് 2570 രൂപയാണ്. അതില്ല.1500 രൂപയാണ് അവരുടെ കൈവശമുള്ളത് അവർ സ്വന്തമായി ചോദിച്ച

" ഇനിയെന്തു ചെയ്യും"ഇപ്പോൾ അച്ഛൻ പറഞ്ഞു സ്കൂളിൽനിന്ന് പോകുന്നതിലും നല്ലത് കുടുംബത്തോ ടെയുള്ള യാത്രയല്ലേ അതാവുമ്പോൾ ചിലവ് കുറവാണേൽ അറിയുന്ന ഒരാളെ ഡ്രൈവർ ആക്കാം അപ്പോൾ അമ്മ പറഞ്ഞു. സുലൈമാനെ കൂട്ടാം അവരാകു മ്പോൾ നമ്മുടെ സാഹചര്യം അനുസരിച്ച് പെരുമാറു അവന് അറിയുന്നതിലെ നമ്മുടെ അവസ്ഥ അപ്പോൾ അച്ഛൻ പറഞ്ഞു ശരി ഡ്രൈവറെ കിട്ടി ഇനി അവളോട് ചോദിച്ചു നോക്ക്. ഇപ്പോൾ നീ വന്നു കിടന്നേ അവളോട് ചോദിക്കാം



ചേച്ചിയെ അന്വേഷിച്ചു. ചേച്ചിയുടെ അടുത്തേക്ക് ചെന്നപ്പോൾ ചേച്ചിക്ക് കരച്ചിൽ വന്നു. മുഖം തിരിച്ചു കളഞ്ഞു. ചേച്ചിയെ കെട്ടിപ്പിടിക്കാൻ ശ്രമിച്ചു ചേച്ചി അവളുടെ അടുത്തേക്ക് കുതിച്ചു എന്നിട്ട് പറഞ്ഞു നീ കാരണമാണ് എനിക്ക് എല്ലാവരും നഷ്ടപ്പെട്ടത്. എന്റെ മുമ്പിന്ന് പോയിക്കോ എനിക്ക് നിന്നെ കാണണ്ട ഇത് കേട്ട് ആകെ തളർന്നു. ആ യാത്ര അവളുടെ ജീവിതത്തെ മാറ്റിമറിച്ച തെറ്റിദ്ധാരണ നിമിത്തമായ ഹോസ്പിറ്റലിന്റെ ടെറസിൽ നിന്ന് താഴെ കടുത്ത ചാടി ജീവിതം അവസാനിപ്പിച്ചു..........

പിറ്റേദിവസം അയോറ നേരത്തെ എഴുന്നേറ്റു. അമ്മയുടെ മറുപടി കേൾക്കാൻ ചെവികൂർപ്പിച്ചിരിക്കുകയാണ് അവൾ. അമ്മ വന്ന് അവളുടെ കാര്യം അവതരിപ്പിച്ചു. അവൾക്ക് അത് കേട്ടതും ഒന്ന് കലിതുള്ളി അവളുടെ അമ്മ പറഞ്ഞു വീട്ടിൽ അവസ്ഥകൾ നീ മനസ്സിലാക്കണം. നമുക്ക് അതായിരിക്കും നല്ലത്. അവൾ കുറെ ആലോചിച്ചിരുന്നു എന്നിട്ട് അവൾ മറുപടി പറഞ്ഞു. അവൾക്ക് അതിൽ സമ്മതമായിരുന്നു അങ്ങനെ അവർ യാത്രയായി. തമാശ പറഞ്ഞു കളിച്ചും അവർ മുന്നോട്ടു പോവുകയായിരുന്നു.ഭക്ഷണം കഴിക്കാൻ അവർ വണ്ടി ഒതുക്കാൻ ശ്രമിച്ചു പക്ഷേ അവർക്ക് ബ്രേക്ക് കിട്ടിയില്ല! വണ്ടിയുടെ നിയന്ത്രണം വിട്ട് അതൊരു ലോറിയിൽ ചെന്നിടിച്ചു. സാരമായ പരിക്കോടെ ചേച്ചിയും നിസ്സാര പരിക്കോടെയും രക്ഷപ്പെട്ടു. ബാക്കിയുള്ളവർ മരണത്തിന് കീഴടങ്ങി. അതോടെ രണ്ട് ശരീരങ്ങളും ഒറ്റയ്ക്കായി. അവരെ നാട്ടുകാർ എടുത്ത് ഹോസ്പിറ്റലിൽ കൊണ്ടുപോയി അവൾ

# മാന്ത്രിക പെൻസിൽ



ഒരിടത്ത് ഒരു അലെന എന്ന ഒരു കുട്ടി ഉണ്ടായിരുന്നു. അമ്മയും അച്ഛനും ഉള്ള ഒരു കുടുംബം ആയിരുന്ന അവളുടെ. ഒരു ദിവസം അവൾ സ്കൂളിൽ വിട്ടു വരുമ്പോൾ അവളുടെ വീടിന്റെ മുറ്റത്ത് ഒരാൾക്കൂട്ടം. അവൾ ഓടിച്ചെന്നു. എല്ലാവരും അവളെ തന്നെ സങ്കട ഭാവത്തിൽ നോക്കി. അവൾ വീടിന്റെ ഉള്ളിൽ എത്തിയപ്പോൾ അവളുടെ അമ്മയും അച്ഛനും അവളെ വിട്ടു പോയതായി അവൾ അറിഞ്ഞു. അമ്മയും അച്ഛനും ആക്സിഡന്റിലാണ് മരിച്ചത്. അവളുടെ അമ്മയും അച്ഛനും മരിച്ചതോടെ അവൾ അവളുടെ ആന്റിയുടെ വീട്ടിലാണ് നിൽക്കുന്നത്. ആന്റിക്ക് ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവർ നല്ല പണക്കാരായിരുന്നു. അവർ എലെനയെ ഒരു അടിമയെ പോലെ യായിരുന്ന കണ്ടിരുന്നത്. ആന്റി പറയുന്നതുപോലെ കേട്ടില്ലെങ്കിൽ അവളെ അടിക്കുമായിരുന്നു. ഒരു ദിവസം അവൾ സാധനങ്ങൾ വാങ്ങാൻ ചന്തയിലേക്ക് പോകുന്ന വഴിയിൽ ഒരു സ്ത്രീ സാധനങ്ങൾ വണ്ടിയിൽ കയറ്റാൻ വിഷമിക്കുന്നത് അവൾ കണ്ടു. ആ സ്ത്രീയെ അവൾ സഹായിക്കുകയുണ്ടായി അവളുടെ നല്ല പ്രവർത്തിയും സ്വഭാവവും കണ്ട് ആ സ്ത്രീ അവൾക്ക് ഒരു പെൻസിൽ നൽകി. ആ സ്ത്രീ പറഞ്ഞു നിനക്ക് തന്ന പെൻസിൽ അത് നിന്റെ ആവശ്യത്തിനനുസരിച്ച് പ്രവർത്തിക്കും. നീ അതിനെ മോശമായ രീതിയിൽ

കൈകാര്യം ചെയ്താൽ അതിന്റെ ശക്തി നഷ്ടപ്പെടുന്നതാണ്". അങ്ങനെ അവളുടെ വീട്ടിലേക്ക് പോയി അവിടെ ആന്റിയും മകളും ഭക്ഷണം കഴിക്കുകയായിരുന്നു. ആന്റിയും മകളും കഴിച്ചതിന്റെ ബാക്കി യുള്ളത് അവൾക്ക് കൊടുത്തിരുന്നത്.

അന്ന് അവൻ രണ്ടുപേരും ബാക്കി വെക്കാതെ മൊത്തം കഴിച്ചു തീർത്തു. അവൾ വിശന്ന് അവളുടെ വീടിന്റെ ഒരു മരച്ചുവട്ടിന്റെ താഴെ ഇരുന്നു. അപ്പോഴാണ് അവൾക്ക് ഓർമ്മ വന്നത് അവളുടെ അടുത്തുള്ള ആ പെൻസിൽ. ആ പെൻസിൽ കൊണ്ട് അവൾ ഒരു ആപ്പിളിന്റെ ചിത്രം വരച്ചു. അത്ഭുതം ആപ്പിൾ ശരിക്കുമുള്ളതായി പേപ്പറിൽ നിന്ന് അത് പുറത്തേക്ക് വീണു. അവൾക്ക് വിശന്നതായതുകൊണ്ട് അവൾ അതിൽ ഭക്ഷണത്തിന്റെ ചിത്രം വരച്ചു. പിന്നെ അവൾ ഒരു പെൻസിൽ ഒരു പേപ്പറും എടുത്ത് അവൾ പട്ടണത്തിലേക്ക് പോയി. പാവപ്പെട്ടവർക്കെല്ലാം വേണ്ടിയത് അവൾ അതിൽ വരച്ചു കൊടുത്തു. അവർക്ക് വേണ്ടി എല്ലാം കിട്ടിയപ്പോൾ അവർക്ക് സന്തോഷമായി. അങ്ങനെ അവൾ മറ്റൊരു രാജ്യത്ത് പോയി വിവാഹം ചെയ്തു സന്തോഷമായി ജീവിച്ചു.



ഫാത്തിമ മുബഷിറ
X A




# കൃഷി

നജ ഫാത്തിമ പി എ
X A

കൃഷി എന്ന് പറയുന്നത് നമ്മളെ സംബന്ധിച്ചെടുത്തോളം ഒരു തൊഴിലാണ്. ഈ തൊഴിൽ ചെയ്യുന്നതിന് പണക്കാരൻ എന്നോ പാവപ്പെട്ടവർ എന്നോ ഒരു വേർതിരിവും ഇല്ല. ഈ തൊഴിൽ മറ്റെല്ലാ തൊഴിലും പോലെ വളരെ ആത്മാർത്ഥതയോടെ ചെയ്യണം. മറ്റ് ജോലിയെപ്പോലെ ഇതിലും കുറെ പ്രതിസന്ധികൾ ഉണ്ട്. പണ്ട് കാലെത്തൊക്കെ വളരെയധികം കൃഷി ചെയ്യുന്നവരും കർഷകരും ഉണ്ടായിരുന്നു. എന്നാൽ ഈ കാലത്ത് കൃഷി ചെയ്യുന്നവരൊക്കെ കുറവാണ്. ഇക്കാലത്ത് എല്ലാവർക്കും കൃഷി ചെയ്യാനുള്ള താൽപ്പര്യം വളരെ കുറവാണ്. അത് കൊണ്ട് തന്നെ എല്ലാവരും ഇപ്പോൾ രോഗത്തിനു പിന്നിലാണ്.

കൃഷി ചെയ്യുന്നത് കാണാൻ എന്ത് ഭംഗിയാണ്.കൃഷി ചെയ്യാൻ പാകത്തിന് പാടം ഒക്കെ ഒരുക്കി വിത്ത് പാകുന്നു. പിന്നെ അത് ആ വിത്തുകൾ മുളച്ച് വരുന്ന ആ സമയം കർഷന്റെ മനസ്സിൽ ഉണ്ടാകുന്ന ആഗ്രഹങ്ങൾ എന്തെല്ലാം.അങ്ങനെ കുറച്ച് ദിവസങ്ങൾ കഴിഞ്ഞു കർഷകർ പാടത്ത് വന്ന് തന്റെ ഞാറുകൾ കാണുമ്പോൾ അവർക്ക് ഉണ്ടകുന്ന സന്തോഷം അത് വളരെ സത്യമാണ്. ആ വയലിൽ പോയി നോക്കുയാണെങ്കിൽ പച്ച വിരിച്ചത് പോലെ ഉണ്ടാകും. നമ്മുടെ പ്രകൃതി യുടെ ഭംഗി തന്നെ ഇതാണ്.പിന്നെ കർഷകൻ അതിൽ വല്ല കീടങ്ങളുണങ്കിൽ അതെക്കെ നശിപ്പിച്ച് പിന്നെയും സംരക്ഷിക്കും. ഈ പാടത്തിന്റെ അരികിലൂടെ നടക്കാൻ എന്ത് ഭംഗിയാണ്. തണുത്ത കാറ്റും ഹോ!. അങ്ങനെ ഞാറുകൾ വളർന്ന് അതിൽ നെല്ല് ഉണ്ടാവാൻ തുടങ്ങും. പിന്നെ ആ നെല്ല് മൂത്ത് വിളഞ്ഞ് പാകമാകുന്നത് വരെ കർഷകൻ കാത്ത് നിൽക്കുന്നു. അങ്ങനെ വിളവെടുപ്പ് സമയത്ത് അത് വിളവെടുക്കുന്നു. പിന്നെ കറ്റമെതിച്ച് നെല്ല് പുഴുങ്ങി ഉണക്കി അത് മില്ലിൽ പോയി അരിയെടുക്കുന്നു. അതിന് ശേഷം നാം ഒരോരുത്തരും അത് പാകം ചെയ്ത് ഭക്ഷിക്കുന്നു. നല്ല കഠിനാധ്വാനം ഉണ്ട്. ഇതിൽ.നാം എതൊരു ജോലി എടുത്താലും അതിന് വളരെ കഷ്ടപ്പെടണം.

"എല്ല് മുറിയെ പണിയെടുത്താൽ പല്ല് മുറിയെ തിന്നാം"അതുപോലെ കൃഷിയുമായി ബന്ധപ്പെട്ട് കുറെ കഥകളും പഴം ചൊല്ലുകളും നാടൻ പാട്ടുകളും ഉണ്ട്. പക്ഷെ ഇന്ന് കൃഷി ചെയ്യുന്നവർ ഉണ്ട് പക്ഷെ വളരെ കുറവാണ്. രാസവളങ്ങളും കീട നാശിനികളും ഉപയോഗി ക്കുന്നു. അത് നാം വാങ്ങി കഴിക്കും. ഇപ്പോൾ അങ്ങനെ ആരും തന്നെ കൃഷി ചെയ്യാൻ താൽപ്പര്യപെടുന്നില്ല.നാം നമുക്ക് ആവശ്യ ത്തിനുള്ള പച്ചക്കറികളെക്കെ നാം തന്നെ കൃഷി ചെയ്യുക. ഈ രാസവളങ്ങൾ യോഗിച്ച ഭക്ഷ്യ വസ്തുക്കൾ കഴിച്ച് നാം തന്നെയാണ് നമ്മുടെ ശരീരത്തെ നശിപ്പിക്കുന്നത്."അത് കൊണ്ട് ആവശ്യമുള്ള സാധനങ്ങൾ നാം നട്ടുവളർത്തുക. നാം നമ്മുടെ ശരീരം സരക്ഷിക്കുക".



# ആൽബർട്ട് ഐൻസ്റ്റീൻ

ദാരിദ്യത്തിന്റെ അങ്ങേ അറ്റത്തിലുള്ള ഒരു കുടുംബത്തിന്റെ ജനിച്ച വ്യക്തിത്വമാണ്. ലോകം കണ്ട ശാസ്ത്രജ്ഞരുടെ പട്ടിക എടുത്താൽ അതിൽ പ്രധാന സ്ഥാനമുള്ള വ്യക്തിയാണ് ആൽബർട്ട് ഐൻസ്റ്റീൻ. ജർമനിയിലെ ഗുട്ടൻബർഗിൽ ജനിച്ചു. തന്റെ കുട്ടി കാലം ഇരുട്ട് മൂടിയതായിരുന്നു. അദ്ദേഹം പഠിപ്പിലും പെരുമാറ്റത്തിലും പിറകിലായിരുന്നു. ഒരിക്കൽ തന്റെ അദ്ധ്യാപകൻ അവന്റെ കയ്യിലൊരു കത്ത് കൊടുത്തു. എന്നിട്ട് പറഞ്ഞു ഇത് നിന്റെ മാതാവിന് കൊടുക്കണം, അത് അവൻ മാതാവിന് കൊടുത്തു കത്ത് തുറന്നു വായിച്ച തന്റെ മാതാവിന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഉറ്റി അവൻ മാതാവിനോട് ചോദിച്ചു എന്തിനാ കരയുന്നത്, അപ്പോൾ തന്റെ മാതാവ് പറഞ്ഞു നീ സ്കൂളിൽ പോകണ്ട, കാരണം നിന്റെ അദ്ധ്യാപകൻ പറഞ്ഞു നീ നല്ല ബുദ്ധിയുള്ള കുട്ടിയാണ് നി വീട്ടിൽ ഇരുന്ന് പഠിച്ചാൽ മതിയെന്ന് പറഞ്ഞു .അവനെ മാതാവ് നല്ല രീതിയിൽ പഠിപ്പിച്ചു. അവനെ എല്ലാ കാര്യത്തിലും പ്രോത്സാഹിപ്പിച്ചു. അങ്ങനെ അദ്ദേഹം ലോകം കണ്ട ഒരു ശാസ്ത്രജ്ഞനായി.

അങ്ങനെ തന്റെ മാതാവിന്റെ മരണ ശേഷം തനിക്ക് സ്കൂളിൽ നിന്ന് അദ്ധ്യാപകൻ മാതാവിന് കൊടുത്ത കത്ത് കിട്ടി അങ്ങനെ അത് വായിച്ചപ്പോൾ അദ്ദേഹം കരഞ്ഞു, കാരണം അതിൽ ഉള്ളത് താൻ ഒരു വിഢിയാണ് പഠിക്കില്ല. ഈ സ്കൂളിൽ പഠിക്കാൻ അവന് യോഗ്യത ഇല്ല എന്നൊക്കെയായിരുന്നു അന്ന് അദ്ദേഹം ലോകത്തോട് വിളിച്ചു പറഞ്ഞു ഈ വിഢിയായ എന്നെ ലോകമറിയുന്ന ഒരു ശാസ്ത്രജ്ഞനാക്കി മാറ്റിയത് എന്റെ മാതാവാണ്

ലുക്ക്മാനുൽ ഹഖീം
10 A

# അതി ജീവനത്തിന്റെ നാൾ വഴികൾ



✒AYSHA SHAMEEMA P
X A

നിശയുടെ ഇരുണ്ട യാമങ്ങളിൽ മാനത്ത് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ നോക്കി അവനങ്ങനെ ഇരുന്നു. പതിയെ പതിയെ അവന്റെ ചിന്തകൾ അവനെ തന്റെ കുഞ്ഞു നാളുകൾ മാടി വിളിച്ചു. അവൻ അന്ന് വെറും നാല് വയസ്സുള്ള കുഞ്ഞായിരുന്നു. അച്ഛന്റെയും അമ്മയുടെയും കണ്ണിലുണ്ണിയായിരുന്നു അവൻ. ഓടിയും നടന്നും കുസൃതികൾ ഒപ്പിച്ചും അവൻ ജീവിച്ചു പോന്നു.ഒരു കുഞ്ഞു സൈക്കിൾ അവന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. അതിനുവേണ്ടി അവൻ പല തവണ വാശി പിടിച്ചു. അങ്ങനെയൊരു ദിവസം അവന്റെ ആഗ്രഹം തീർക്കാൻ ഒരു കുഞ്ഞു സൈക്കിൾ വാങ്ങാൻ വേണ്ടി അവന്റെ അച്ഛൻ പോയി. അപ്രതീക്ഷിതമായി ഉണ്ടായ ഒരു അപകട ത്തിൽ അവന്റെ അച്ഛൻ മരിച്ചു. ഉമ്മറത്തെ പടിയിൽ ഒരു കുഞ്ഞു സൈക്കിളും കാത്ത് അവനങ്ങനെ ഇരുന്നു. ഓരോ വണ്ടികൾ ചീറി പാഞ്ഞു പോകുമ്പോഴും അത് തന്റെ അച്ഛനാ യിരിക്കുമെന്ന് അവൻ പ്രതീക്ഷിച്ചു. നിരാശ യായിരുന്നു ഫലം. കാത്തിരിപ്പിന്റെ അവസാന നിമിഷം, തനിക്ക് ഒരു കുഞ്ഞു സൈക്കിൾ വാങ്ങാൻ വേണ്ടി പോയ അച്ഛന്റെ ചേതനയറ്റ ശരീരമായിരുന്നു അവന്റെ മുന്നിലെത്തിയത്. ഒന്നും തിരിച്ചറിയാൻ പ്രായമാകാത്ത ആ നാല് വയസ്സുകാരൻ എന്ത് ചെയ്യണമെന്നറിയാതെ നിന്നു. അങ്ങനെ അവന്റെ സൈക്കിൾ എന്ന ആഗ്രഹം ബാക്കി വെച്ചു കൊണ്ട് അച്ഛൻ പോയി.പിന്നീടുള്ള ഓരോ ദിവസവും കഷ്ടപ്പാ ടിന്റെ രുചി അവനറിയാൻ തുടങ്ങി. അച്ഛൻ മരിച്ചതിന്റെ ശേഷം അവന്റെ അമ്മ തളർന്നു. വളരെ കഷ്ടപ്പെട്ടുകൊണ്ട് അമ്മ ഓരോ വീടും കയറിയിറങ്ങി ജോലികൾ ചെയ്തു. അവൻ വളർന്നു സ്കൂളിൽ പോവാൻ തുടങ്ങി. സൈക്കിൾ എന്ന അവന്റെ അടങ്ങാത്ത ആഗ്രഹം അവൻ മനസ്സിലിട്ട് ഓമനിച്ചു.ജോലികൾ ചെയ്ത് അമ്മ തളർന്നു. എല്ലാം കൂടി ആയപ്പോൾ അമ്മയാകെ അവശയായി. അധിക ദിവസങ്ങളിലും അമ്മയും മകനും പട്ടിണി കിടക്കേണ്ടി വന്നു. എപ്പോയെ ങ്കിലും അയൽവാസികളോ മറ്റോ കൊണ്ട് കൊടുക്കുന്ന ഭക്ഷണം കൊണ്ട് അവർ ജീവൻ നില നിർത്തി.സ്കൂളിലെ ഫീസ് അടയ്ക്കാൻ കയ്യിൽ പണം ഇല്ലായിരുന്നു.അവന്റെ കൂട്ടുകാരും മറ്റു കുട്ടികളും അവനെ കളിയാക്കാനും പരിഹ സിക്കാനും തുടങ്ങി. എന്നാൽ ഒന്നിലും അവൻ സങ്കടപ്പെട്ടില്ല, എല്ലാം സഹിച്ചും ക്ഷമിച്ചുംനിന്നു.

അമ്മയുടെ രോഗം മൂർച്ഛിച്ചു. എന്ത് ചെയ്യണമെന്ന് അവനൊരു പിടിയും കിട്ടിയില്ല. അവസാനം അവനൊരു തീരുമാനത്തിലെത്തി. അമ്മയെ നന്നായി നോക്കണം, നന്നായി പഠിച്ച് വലിയൊരാളാകണം. അതിന് അവൻ ശ്രമിച്ചു. നിത്യവും രാവിലെ ഓരോ വീട്ടിലും പത്രമിട്ട് കൊടുത്തു. അതിന് ശേഷം സ്കൂളിൽ പോയി. അങ്ങനെ ദിവസവും രാവിലെ പത്രമിട്ടുകൊടുത്തു സ്കൂളിൽ പോവാൻ തുടങ്ങി. അവൻ നന്നായി പഠിച്ചു, എല്ലാരേയും വെട്ടിച്ചു അവൻ നല്ല മാർക്ക് വാങ്ങിച്ചു. കിട്ടുന്ന പണം കൊണ്ട് അവൻ സ്കൂളിലെ ഫീസ് അടച്ചു, ബാക്കി കൊണ്ട് ഭക്ഷണം വാങ്ങി അവനും അമ്മയും വിശപ്പടക്കി.

വിധി അവനെതിരായിരുന്നു. അവന്റെ അമ്മയ്ക്ക് രോഗം മൂർച്ഛിച്ചു അമ്മയും മരിച്ചു. തികച്ചും അനാഥയായ ആ കുട്ടി നന്നായി പഠിച്ചു. അമ്മ മരിച്ചപ്പോൾ പിന്നെ അവന്റെ കഷ്ടപ്പാട് വർധിച്ചു. എല്ലാം സഹിച്ചു അവൻ പഠിച്ചു. അങ്ങനെ അവനൊരു ഉദ്യോഗസ്ഥനായി. കളിയാക്കിയവരുടെയും പരിഹസിച്ചവരുടെയും മുന്നിൽ അവൻ അഭിമാനത്തോടെ നിന്നു.എല്ലാ കഷ്ടപ്പാടുകളിൽ നിന്നും അവൻ അതിജീവിച്ചു. സൈക്കിൾ എന്ന ആഗ്രഹം നിറവേറ്റാൻ അവനൊരു ബൈക്ക് വാങ്ങി. പുതിയൊരു വീട് വെച്ചു.നിഷയുടെ ഇരുണ്ട യാമങ്ങളിൽ മാനത്തു മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ നോക്കി അവനങ്ങനെ ഇരുന്നു. നക്ഷത്രങ്ങൾ അവനെ നോക്കി പുഞ്ചിരിക്കുന്നത് പോലെ അവന് തോന്നി. അവൻ ആകാശത്തു നോക്കി ഇരുന്നു....



# RONALDO



ഫീസ് കൊടുക്കാൻ കാശില്ലാതെ വന്നപ്പോൾ അച്ഛനെ കൂട്ടി മീൻ വീൽക്കാൻ പോകാൻ ടീച്ചർ പറഞ്ഞ ദേഷ്യത്തിൽ അവനന്നാ സ്കൂളിന്റെ പടിയിറങ്ങി.

കാലം കഴിഞ്ഞപ്പോൾ ടീച്ചർ നഷ്ടത്തിലായ സ്കൂളിന്റെ ഹെഡ് മിസ്ട്രസായി. പഠിച്ച സ്കൂൾ നഷ്ടത്തിലാണെന്നറിഞ്ഞു തിരിച്ചു പിടിക്കാൻ അവൻ പറന്നിറങ്ങിയപ്പോൾ ആ വിമാനത്താവളത്തിന് അന്ന് അവന്റെ പേരായിരുന്നു. തകർന്നുപോയവരെ കൂടെ ചേർത്തവനാണ്. ലക്ഷ്യം കാണാൻ പോരാടിയവനാണ്.. പോരാട്ടങ്ങളെ വെല്ലുവിളിച്ചവനാണ്.. വെല്ലുവിളികളെ അതിജയിച്ചവനാണ്.വെക്കുന്ന ഒരോ ചുവടുകളിലും ചരിത്രം തിരുത്തി എഴുതിയവനാണ്. തൊടുന്ന ഓരോ പന്തിലും അത്ഭുതം തീർത്തവനാണ്.കളിക്കളത്തിലും ജിവിതത്തിലും എതിരാളികളെ പോലും വിസ്മയിപ്പിക്കുന്ന പറങ്കിപ്പടയുടെ പോരാളിക്ക് ലോകം നൽകിയ പേരാണ്CR7.

**മുഹമ്മദ് തസ്നീം**



# പൂജ്യത്തിൽ നിന്നും ഉയരത്തിലേക്ക്

അന്ന് വളരെ അധികം നേരത്തെ തന്നെ രാമു എഴുന്നേറ്റു .അല്പം വേദനയോടെ യാണെങ്കിലും അവൻ വളരെ അധികം കഷ്ടപ്പെട്ട് അവന്റെ വീൽചെയറിൽ കയറി. അവൻ ഉറക്കെ അമ്മയെ വിളിച്ചു. അമ്മയുടെ സഹായത്തോടെ അവൻ പ്രഭാത കൃത്യങ്ങൾ ചെയ്തു സ്കൂളിലേക്ക് പോയി. അന്ന് ഉച്ചക്ക് തന്നെ അവൻറെ സ്കൂളിലെ പ്രധാന അധ്യാപകൻ അവനെയും കൂട്ടി അവൻറെ വീട്ടിലേക്ക് പോയി. അവിടെ കണ്ട കാഴ്ച അത്യധികം വേദനാജന കമായിരുന്നു.അവൻറെ മാതാ പിതാക്കൾ ഒരു ആക്സിഡൻറ് കാരണം ഈ ലോകത്തോട് വിട പറഞ്ഞിരിക്കുന്നു .അത് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.

ഒരുപാട് വർഷങ്ങൾ കഴിഞ്ഞു പോയി ..... രാമു ഇപ്പോൾ ഒരു ഓർഫനേജിൽ ആണ് വസിക്കുന്നത്. അവൻ വളരെയധികം കഷ്ടപ്പെട്ടു യുപിഎസ്സിക്ക് വേണ്ടി പഠിക്കുകയാണ്. അവൻ ഒരു ഭിന്നശേഷിക്കാരൻ ആയതുകൊണ്ട് അവന് ഗോപു എന്നു പറയുന്ന ഒരു കൂട്ടുകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ അവൻ അതു കൊണ്ടൊന്നും തളരാതെ അവൻറെ ലക്ഷ്യത്തിലേക്കുള്ള കഠിനാധ്വാനം ആരംഭിച്ചു. അവൻ വളരെയധികം കഷ്ടപ്പെട്ടു. വർഷങ്ങൾ പരിശ്രമിച്ചു അവസാനം അവൻ അവന്റെ യുപിഎസ്സി എന്ന സ്വപ്നം നേടിയെടുത്തു. യു പി എസ് സി നേടിയപ്പോൾ അവനെ കളിയാക്കി പറഞ്ഞവരെല്ലാം വളരെയധികം ആശ്ചര്യ ഭരിതരായി. കാരണം ഒരു ഭിന്നശേഷിക്കാരൻ ആയ രാമു എങ്ങനെ യു പി എസ് സി പരീക്ഷ നേടിയെടുത്തു എന്ന് അവർ സംശയിച്ചു. പക്ഷേ യാഥാർത്ഥ്യം മനസ്സിലാക്കാതെ മറ്റു വഴിയില്ലല്ലോ. അവനെ കളിയാക്കി പറഞ്ഞു.

എല്ലാവരും അവനോട് അടുക്കാൻ തുടങ്ങി. അവൻ തിരിച്ചും അടുക്കാൻ തുടങ്ങി ,കാരണം അവരുടെ സ്വഭാവം അല്ലായിരുന്നു അവൻ. അങ്ങനെ അവനെ കളിയാക്കിയവരെല്ലാം അവൻറെ കാൽക്കീഴിൽ വീണു മാപ്പ് അപേക്ഷിച്ചു. അവൻ അവരോട് ക്ഷമിച്ചു. വീണ്ടും ഒരുപാട് വർഷം കഴിഞ്ഞു പോയി........ രാമു ഇന്ന് ഭിന്നശേഷിക്കാർക്ക് വേണ്ടി ഒരു വലിയ വിദ്യാലയം പണിതിരിക്കുന്നു. മുപ്പതോളം നിലകളും 200 ഓളം ക്ലാസുകളും അടങ്ങിയതായിരുന്നു അത്. ഒരുപാട് ഭിന്നശേഷിക്കാർക്ക് അവൻ അതിൽ

സൗജന്യമായി വിദ്യാഭ്യാസം നൽകി കൊടുത്തു. ഇതിൻറെ ഭാഗമായി അവൻ മറ്റു പല കാര്യങ്ങളും ചെയ്യാൻ തുടങ്ങി. അങ്ങനെ ഭിന്നശേഷിക്കാരായ കുട്ടികൾ പഠനത്തിൽ മികവ് കാണിക്കാനും വലിയ വലിയ ഉദ്യോഗങ്ങളിൽ എത്താനും തുടങ്ങി. അങ്ങനെ അവൻറെ കഷ്ടപ്പാടിന്റെ ഫലമായി ഒരുപാട് കുട്ടികളുടെ ജീവിതം നല്ല രീതിയിൽ പോകാൻ തുടങ്ങുകയും അവൻ ഒരു നല്ല മോട്ടിവേറ്റർ ആവുകയും ചെയ്തു. അവൻറെ സുഹൃത്ത് ഗോപുവിനെ അവൻ



വളരെയധികം പണക്കാരൻ ആക്കി മാറ്റി. ഗോപുവിന്റെ സഹോദരിയുടെ വിവാഹം അവൻ നടത്തിക്കൊടുത്തു. അങ്ങനെ അവൻറെ ഒരുപാട് വർഷത്തെ കഠിനഫലത്തിന്റെ ഫലം അവന് കിട്ടി. അവൻ ഇതിന്റെയൊക്കെ ഫലമായി പ്രധാനമന്ത്രിയിൽ നിന്നും വളരെ യധികം വലിയ ബഹുമതികൾ ലഭിച്ചു. ലോകമെമ്പാടും വളരെയധികം

അപൂർവ്വങ്ങളിൽ അപൂർവമായി ലഭിക്കുന്ന നോബൽ പ്രൈസ് പോലും അവന് ലഭിച്ചു.അവനെ ഈ കാരണങ്ങൾ കൊണ്ടെല്ലാം ഒരു മഹത് വ്യക്തിയായി കണക്കാക്കി. അവൻ ഇന്ന് വളരെയധികം പ്രശംസ അർഹിക്കുന്ന ഒരു വ്യക്തിയായി ജീവിക്കുന്നു. അവൻ ഇപ്പോൾ ഒരു കാര്യം ഉറപ്പാണ്, ഭിന്നശേഷിക്കാരൻ ആയാലും നല്ല നൈപുണ്യം നേടിയ ഒരാൾ ആയാലും അവന്റെ മനസ്സിന്റെ നന്മ അവനെ എവിടെയെങ്കിലും നല്ല രീതിയിൽ കൊണ്ടെത്തിക്കും. അവൻ പ്രതീക്ഷി ക്കാത്ത അവസരങ്ങളിൽ അവന് അത് വളരെയധികം ഉപകാരപ്പെടും. ഇന്ന് അവൻ വളരെ അധികം അഭിമാനത്തോടെ തന്നെ തൻറെ രാജ്യത്തിനുവേണ്ടിസേവനമനുഷ്ഠിക്കുന്നു. അവനെ കളിയാക്കിയവരിൽ പലരും അവൻറെ സ്റ്റാഫ് ആയി വർക്ക് ചെയ്യുന്നു. ഇതുകൊണ്ടാണ് പരിശ്ര മിച്ചാൽ നമുക്ക് എന്തും നേടിയെടുക്കാൻ പറ്റും എന്ന് പറയുന്നത്.

ഫൈറൂസ ഫാത്തിമ
X A

# പുലിയും പൂച്ചയും



ഒരു കാട്ടിൽ ഒരു പുലിയുണ്ടായിരുന്നു. അഹങ്കാരിയായിരുന്നു. അവൻ കണ്ണിൽ കണ്ടത് ഒക്കെ തിന്നുമായിരുന്നു.അങ്ങനെ പുലിവിശന്ന് വലഞ്ഞിരിക്കുമ്പോൾ മുമ്പിലൂടെ ഒരു ചെറിയ പുച്ചയെ കണ്ടു. അങ്ങനെ ആ പുലി ഉറങ്ങിയത് പോലെ കിടന്നു. എന്നാൽ പൂച്ചക്ക് എന്നെ തിന്നാൻ വേണ്ടി അഭിനയിച്ചതാണ് എന്ന് പൂച്ച ഒരു ബുദ്ധിമാനായിരുന്നു പൂച്ച ഇത് മനസ്സിലാക്കി മെല്ലെ നടന്നു പുലി "ഹ ഹ ഹാ" എന്ന് ചിരിച്ചു അപ്പോൾ പൂച്ചക്ക് ഒരു ബുദ്ധി തോന്നി. വേട്ടക്കാരൻ ആനയെ പിടിക്കാൻ വെച്ച കെണിയിലേക്ക് പുലിയെ കൊണ്ടുപോയി എന്നു പറഞ്ഞിട്ടായിരുന്നു. പൂച്ച പറഞ്ഞു പൂലിയെ അങ്ങയെ പോലെ ഒരുപുലിയും ഇറങ്ങിട്ടുണ്ട് എന്നു പറഞ്ഞിട്ട് പുലി ഉടനെ ആ കെണിയിലേക്ക് ചാടി കുടുങ്ങി.അപ്പോൾ പൂച്ച പൊട്ടിച്ചിരിച്ചു "ഹ,ഹ,ഹ,". ഇതുകണ്ട പുലിക്ക് മനസ്സിലായി തന്നെ പറ്റിച്ചതാണ് ഈ പൂച്ച പുലിക്ക് താൻ ചെയ്തത് മനസ്സിലായി. ആ പുലി പൂച്ചയോട് പറഞ്ഞു ഞാൻ ചെയ്തത് തെറ്റാണ് എന്ന് മനസ്സിലായി പൂച്ച അത് കേട്ട് പറഞ്ഞു "എടാ പുലിക്കുട്ടാ എനിക്ക് നിന്നെ രക്ഷിക്കാൻ കഴിയില്ല "കാരണം നി എന്നെ തിന്നും അഹങ്കാരം ആപത്താണ് ഒരിക്കലും ആരോടും അഹങ്കരിക്കാൻ പാടില്ല.





# യൂറോപ്യൻ വിദ്യാഭ്യാസം

മധ്യകാലഘട്ടത്തിൽ പ്രാഥമിക വിദ്യാഭ്യസത്തിനായി ധാരാളം സ്കൂളുകൾ വളർന്നു വന്നിരുന്നു. വ്യാകരണം,ലാറ്റിൻ ഭാഷ, ജ്യോതിശാസ്ത്ര, സാഹിത്യം, തത്ത്വചിന്ത, ഗണിതം, പ്രകൃതി നിയമങ്ങൾ തുടങ്ങിയവയായിരുന്നു മധ്യകാല വിദ്യാഭ്യാസത്തിലെ യൂറോപ്പിലെ പ്രധാന പഠന വിഷയങ്ങൾ. മധ്യകാല യൂറോപ്പിലെ സ്കൂളുകളിൽ വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചിരുന്നത് കന്യാസ്ത്രീകൾക്കും ആ നാട്ടിലെ ഭരണാധികാരികളുടെയും പ്രഭുക്കന്മാരുടെയും മക്കൾക്ക് മാത്രമായിരുന്നു. അക്കാലത്ത് സർവകലാശാല വിദ്യാഭ്യാസവും ഉണ്ടായിരുന്നു. തത്വചിന്ത, നിയമം,സാഹിത്യം, വൈദ്യശാസ്ത്രം, വിവിധ ഭാഷകൾ, ജ്യാമിതി തുടങ്ങിയവയായിരിന്നു സർവകലാശാലകളിലെ പഠന വിഷയങ്ങൾ. പതിനൊന്നും പന്ത്രണ്ടും നൂറ്റാണ്ടുകളിൽ യൂറോപ്പിൽ നിരവധി സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടു. അവയിൽ പ്രധാനപ്പെട്ടവയാണ് ഇറ്റലിയിലെ ബൊളോണ, തുർക്കിയിലെ കോൺസ്റ്റാനേപ്പിൽ, പാരിസിലെ ഫ്രൻസും ഇംഗ്ലണ്ടിലെ ഓക്സ്ഫഡ്, കോംബ്രിഡ്ജ് എന്നിവ.

# രാജാവിന്റെ ചതി

സന്താന ഭാഗ്യം ഇല്ലാതിരുന്ന രാജകുമാരൻെറ കാതിന് കുളിർമ്മയേകുന്ന വാർത്തയായിരുന്നു അത്.അദ്ദേഹത്തിൻെറ പ്രിയ പത്നി ഗർഭിണിയായിരിക്കുന്നു.ഈ വാർത്ത യറിഞ്ഞ ചക്രവർത്തി അതൃപ്തനായി. രാജകുമാരിയെ അപായപ്പെടുത്താൻ ചക്രവർത്തി പദ്ധതിയിട്ടു. അദ്ദേഹത്തി ൻെറ കുബുദ്ധിയിൽ തെളിഞ്ഞത് രാജക്കുമാരി വരുന്ന വഴിക്ക് ചക്ര വർത്തി എണ്ണ ഒഴിക്കുക എന്ന തായിരുന്നു. രാജാവിൻെറചതിയിൽ അവർ വീണു. കുഞ്ഞിനെ നഷ്ടപ്പെട്ടു. രാജ്യത്തെ ഒരു പ്രജയുടെ അടുത്ത് നിന്നാണ് ചക്രവർത്തി എണ്ണ വാങ്ങിയത്.എണ്ണയിൽ വഴുതി വീണാണ് കുഞ്ഞിനെ നഷ്ടപ്പെട്ടത് എന്നറിഞ്ഞ ആ പ്രജ രാജാകുമാരനോട് ഈ കാര്യം സൂചിപ്പിച്ചു.അച്ഛനോട് കുപിതനായ പ്പോൾ അദ്ധേഹം കുറ്റം സമ്മതിച്ചു. അതിന്റെ ശിക്ഷയായി രാജകുമാരൻ ചക്രവർത്തിയെ കൊന്നു.രാജകുമാരനും രാജകുമാരിയും വളരെ സങ്കടത്തിലായി. തന്റെ ആ കുഞ്ഞിന് വേണ്ടി അവർഒരു പാട് കൊതിച്ചിരിന്നു.അന്ന് രാജാകു മാരൻ ഒരു ശപഥം ചെയ്തു" ഈ രാജ്യത്തിന് പുറത്ത് നിന്ന് വരുന്ന എല്ലാവരെയും ഞാൻ കൊന്നു കളയും". ഇത് കാരണം രാജ്യത്തേയ്ക്ക് ആളുകൾ വരാൻ ഭയന്നു. തനിക്ക് ഒരു പ്രാവാശ്യം പറ്റിയ അബദ്ധം മാറ്റാർക്കും പറ്റരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഇത്രയും ക്രൂരനായ ഓരാളായിരുന്നല്ലോ ഈ രാജ്യത്തിന്റെ ചക്രവർത്തി എന്നത് ഓർത്ത് അദ്ധേഹം വളരെ അധികം വിഷമിച്ചു.

രാജ്യത്തെ കുറെ പ്രജകൾ അദ്ധേഹത്തെ സമാധാനിപ്പിച്ചു അങ്ങനെ കാലം കുറെ കടന്നുപോയി. രാജാവിനും രാജ്ഞിക്കും ഒരു കുഞ്ഞിന് ജന്മം നൽകാൻ ഭാഗ്യം ലഭിച്ചു.അവർ അവന് പീറ്റർ എന്ന പേര് നൽകി. അവർ ഒരു കുറവും കൂടാതെ അവനെ വളർത്തി. അവന് വേണ്ട എല്ലാ കാര്യങ്ങളും അവർ നിറവേറ്റി.തന്റെ അപ്പുപ്പനെ പോലെയല്ലാതെ തന്റെ പിതാവിനെ പോലെ നല്ല സ്വഭാവ മുള്ളവനായി അവൻ ജനിച്ചു.പക്ഷെ അവന് പുറത്ത് നിന്ന് വരുന്ന വരെ കൊല്ലുന്നത് ഇഷ്ടമില്ലായിരുന്നു. അവൻ ആ കാര്യത്തെ കുറിച്ച് അവന്റെ അമ്മയോട് ചോദിച്ചു.അമ്മ നടന്ന കര്യങ്ങളെല്ലാം വിശദീകരിച്ചു.ഒരിക്കൽ അവനും അവന്റെ അച്ഛനും അമ്മയും കൂടി കാട്ടിൽ പോയപ്പോൾ അവന് വഴിതെറ്റി. അവൻ ഒരു മുൾചെടിയുടെ ഇടയിൽ പെട്ടുപോയി.അപ്പോൾ അവിടേക്ക് വന്ന പുറത്തെ ഗ്രമത്തെ ചക്രവർത്തി അവനെ രക്ഷപ്പെടുത്തി. അവൻ ആരാണെന്ന് അവന്റെ കയ്യിലെ മോതിരം നോക്കി ചക്രവർത്തി മനസ്സിലക്കി. അങ്ങനെ അവന്റെ രാജ്യത്തെക്കുള്ള രഹസ്യ വഴികൾ ചക്രവർത്തിയ്ക്ക് പറഞ്ഞു കൊടുത്തു. കുറച്ച് കാലത്തിന് ശേഷം അവരുടെ രാജ്യം പുറത്തെ രാജ്യത്തിലെ സൈന്യത്താൽ തകർന്നു. പെട്ടെന്നുള്ള ആഘാതത്തിൽ അവർക്ക് ഒന്നും ചെയ്യുനായില്ല. അങ്ങനെ അവിടെ ഉള്ള തന്റെ അമ്മയെയും അച്ഛനെയും അവർ തടങ്കലിൽ അടച്ചു. അതിന് ശേഷം അവൻ അവിടെ നിന്ന് രക്ഷപ്പെട്ട് അയാൾ രാജ്യത്തെ സൈന്യത്തിന്റെ സഹായത്തോടെ തിരിച്ചുപിടിച്ചു. അങ്ങനെ അവർ സന്തോഷത്തോടെ ജിവിച്ചു.

**അൻഷിത കെ**

# ജാക്കും അവന്റെ സുഹൃത്തുക്കളും

ഒരിക്കൽ ജാക്കും അവന്റെ സുഹൃത്തായ ബ്ലെന്റും നടക്കാൻ വേണ്ടി ഇറങ്ങുകയായിരുന്നു. അതുവഴിയാണ് അവരുടെ മറ്റൊരു സുഹൃത്തായ കോംറൈഡിനെ കാണാൻ ഇടയായത്. ഇവനും കൂടി അവരുടെ കൂടെനടക്കാൻ തുടങ്ങി.അങ്ങനെ അവർ നടന്നു നടന്നു സിറ്റിയിൽഎത്തി.. അതു വഴി ബൈക്കിൽ പോയികൊണ്ടിരിക്കുന്ന അലക്സിനെ കണ്ടുമുട്ടി.അവൻ അവരുടെ അടുത്ത് വന്നു പറഞ്ഞു. മച്ചാ പോയിട്ട് കുറച്ചു തിരക്കുണ്ട്.പെട്ടന്നു തന്നെ കോംറൈഡ് എന്താ ഇതിനു മാത്രം തിരക്ക്എന്നു തിരക്കി.ഇവരുടെ എല്ലാം കൂട്ടുകാരനായ സ്പൈ എന്നവനെ കുറച്ചു തെമ്മാടി കൂട്ടങ്ങൾ പിടിച്ചു വെച്ചിരിക്കുകയാണ് എന്നത് അലക്സ് അവരോടു പറഞ്ഞു.ബ്ലെന്റും കോംറൈഡും അപ്പോൾ തന്നെ ഒരു ബൈക്ക് സംഘടിപ്പിച്ചു. ജാക്ക് അലക്സിന്റെ കൂടെ കയറി സ്പൈ ഉള്ള സ്ഥലത്തേക്ക് പോയി.സ്പൈയുടെ കൂട്ടുകാർ എത്തുന്നതിന് മുന്നെ തെമ്മാടി കൂട്ടങ്ങൾ സ്പൈയുടെ കാലിൽ കത്തികൊണ്ട് വരഞ്ഞ് രക്തം പൊടിഞ്ഞു വീഴാൻ തുടങ്ങിയിരുന്നു.ഇവന്റെ സുഹൃത്തുക്കളായ എല്ലാവരും അടുത്ത് എത്തി.ജാക്ക് തെമ്മാടിക്കൂട്ടങ്ങളോട് ഇവനെ പിടിച്ചുവെച്ചത് എന്തിനാണെന്നു ചോദിച്ചു. തെമ്മാടി കൂട്ടത്തിലെ ബ്ലൂ എന്ന പയ്യൻ 10 ലക്ഷം രൂപ തന്നാൽ പറയാമെന്ന് പറഞ്ഞു.അത് കേട്ട ഉടനെ അലക്സ് ബ്ലൂവിനെ അടിച്ചു നിലത്തിട്ടു.അങ്ങനെ ജാക്കിന്റെ ടീമും ബ്ലൂവിന്റെ ടീമും തമ്മിൽ പൊതിരം തല്ലുണ്ടായി.അതിൽ ജാക്കിന്റെ ടീം ജയിച്ചു.തല്ലു കഴിഞ്ഞതിനു ശേഷം കോംറൈഡ് ബ്ലൂവിനോട് എന്തിനാ ഇവനെ പിടിച്ചു കൊണ്ടു വന്നത് എന്നു ചോദിച്ചു. ബ്ലൂവിന്റെ സുഹൃത്തായ പീറ്റർ നീ"സൂപ്പറാടാ" എന്ന് പറഞ്ഞു അത് കേട്ട ബ്ലൈന്റ് അവന്റെ തലക്ക് അവിടെ കിടന്ന വടിയെടുത്ത് ഒന്ന് കൊടുത്തു.ഒടുവിൽ ബ്ലൂ തന്നെ കാര്യം പറയുകയുണ്ടായി.അങ്ങനെ അവർ എല്ലാവരും പിരിഞ്ഞു പോകുകയാണ് ഒടുവിൽ ഉണ്ടായത്.

മുഹമ്മദ് റംനാസ്

# ടോം എന്ന ആൺ കുട്ടി

**നജ ഫാത്തിമ പി**

വാഷിംഗ്ടൺ എന്ന് പേരുള്ള ഒരു ഗ്രാമമുണ്ടായിരുന്നു. അവിടെയുള്ള ജനങ്ങൾ പൊതുവെ അഹന്ദയുള്ളവരും അഹങ്കാരികളുമായിരുന്നു. ആ ഗ്രാമത്തിൽ ഒരു കൊച്ചുകുടുംബം താമസിച്ചിരുന്നു. മൂന്ന് കുട്ടികളും ഒരു അമ്മയും അച്ഛനും ആയിരുന്നു ആ വീട്ടിൽ. അതിൽ ഇളയവൻ ആയിരുന്നു നമ്മുടെ കഥാപാത്രമായ ടോം.അവന്റെ മാതാപിതാക്കൾക്ക് ആറ് വർഷങ്ങൾക്ക് ശേഷം പിറന്ന കുട്ടിയാണ് ടോം.പക്ഷെ അവൻ ഒരു പ്രശ്നം ഉണ്ടായിരുന്നു.അവൻ പഠനത്തിലും കളിയിലുമെല്ലാം പിന്നോക്കമായിരുന്നു. എന്നാൽ ടോമിന്റെ മറ്റു സഹോദരൻമാർ പഠനത്തിലും മറ്റു പ്രവർത്തനങ്ങളിലും സജീവമായിരുന്നു. ആദ്യമൊക്കെ എല്ലാവർക്കു ടോമിനെ ഇഷ്ടമായിരുന്നു. പിന്നെ പിന്നെ എല്ലാവരും ടോമിനെ കളിയാക്കാനും തള്ളിപറയാനും തുടങ്ങി.സ്വന്തം കുടുംബം വരെ കളിയാക്കുന്ന രീതിയിൽ സംസാരിച്ചു.ഒരു ദിവസം ടോം വെറുതെ നടക്കാൻ ഇറങ്ങി.അങ്ങനെ അവൻ ഒരു പാർക്കിന്റെ അടുത്ത് എത്തി. അവിടെ കണ്ട കാഴ്ച്ച ടോമിനെ സങ്കടത്തിലാഴ്ത്തി. ഒരു അച്ഛനും അമ്മയും തന്റെ ഇളയപുത്രനെ പാർക്കിൽവച്ച് കളിപ്പിക്കുകയും കുട്ടിയുടെ കൂടെ മാതാപിതാക്കളും കളികളിൽ ഏർപ്പെടുന്നു.ഈ കഴ്ച്ച കണ്ടപ്പോൾ അവന്റെ കണ്ണിൽ നിന്ന് കണ്ണ് നീർ ഉറ്റി വീണു. അവൻ അവന്റെ അമ്മയേ കുറിച്ച് ആലോചിട്ടുണ്ടാവും പക്ഷെ അവന് വ്യത്യസ്തയ ഒരു കഴിവ് ഉണ്ടായിരുന്നു.അവൻ പെട്ടന്ന് ജീവികളെയും പക്ഷികളെയും ഇഴ ജന്തുക്കളൊയും മെരുക്കി എടുക്കുമായിരുന്നു. അങ്ങനെ എവിടെയോനിന്നൊ തുരത്തി ഓടിച്ച ഒരു നായകൂട്ടം ടോമിന്റെ നാടായ വാഷിംഗ്ടണിൽ എത്തി. ആ നായക്കൂട്ടം ആ ഗ്രാമം അടക്കി ഭരിക്കാൻ തുടങ്ങി.രാത്രി പുറത്തിറങ്ങാൻ അഹങ്കാരികളായ ആ ഗ്രാമക്കാർക്ക് പേടിയായി.അവർ വാതിലുകൾ അടച്ച് അകത്തിരുന്നു.ഈ നായക്കൂട്ടം പലരെയും അക്രമി



ക്കുകയും ചെയ്തു. വാഷിംഗ് ടണിലെ രാജാവിനെ ഇതൊന്നും അറിഞ്ഞിരുന്നില്ല. അങ്ങനെ ജനങ്ങൾ ഈ പ്രശ്നം രാജാവിനെ അറിയിക്കാമെന്ന് തീരുമാനിച്ചു.പ്രശ്നം രാജാവിനെ അറിയിച്ചു.അപ്പോൾ രാജാവ് പറഞ്ഞു

"നിങ്ങൾ ഇപ്പോൾ ശാന്തരായി വീട്ടുകളിൽ കഴിയൂ ഉടൻ തന്നെ നമ്മുക്ക് ഒരു പരിഹാരം കാണാം. "രാജാവിന്റെ ഈ വാക്ക് അവരെ ആശ്വസിപ്പിച്ചു.അങ്ങനെ രാജാവ് നായക്കൂട്ടത്തെ കൊല്ലണമെന്ന് തീരുമാനിച്ചു.ഈ തീരുമാനം പ്രഭുക്കന്മാരൊട് കൂടി ആലോചിച്ചു. അപ്പാൾ അവർ പറഞ്ഞു:"ജീവികളെ കൊല്ലുന്നത് അല്ലാ... വേറെ ഏതെങ്കിലും വഴി നോക്കാം".ആങ്ങനെ രാജാവിന് നല്ലൊരു വഴി കിട്ടി.നായക്കളെ സ്നേഹം കൊണ്ട് മനുഷ്യനിലേക്ക് അടുപ്പിക്കാം. എന്നാൽഅവരുടെ ആക്രമണത്തിൽ നിന്ന് നമുക്ക് രക്ഷനേടാം.അങ്ങനെ നായകളെ മെരുക്കുന്ന ആളെ കണ്ടെത്താൻ തീരുമാനിച്ചു.രാജാവ് ഭടൻമാരെ ഗ്രാമത്തിൽ പല ദിക്കുകളിലേക്കും അയച്ചു.അവസാനം നമ്മുടെ ടോമിനെ കണ്ടെത്തി.ഭടൻമാർ അവനെയും കൂട്ടി കൊട്ടാരത്തിൽ എത്തി.രാജാവ് അവനോട് പറഞ്ഞു മകനെ നിന്റെ സഹായം ഇപ്പോൾ ഈ നാടിന് വളരെ അത്യാവശ്യമാണ്.നീ വിചാരിച്ചാൽ മാത്രമേ ഈനാടിനെ രക്ഷിക്കാൻ കഴിയൂ.നീ ഞങ്ങളെ സഹായിക്കു. അങ്ങനെ നമ്മുടെ ടോമിന്റെ സഹായം തേടി. വാഷിംഗ് ടെണിലെ നിവാസികൾ വരാൻ തുടങ്ങി. ടോം നായകളെ മെരുക്കാൻ തീരുമാനിച്ചു.അവൻ നായക്കൂട്ടത്തിന്റെ നെറ്റിയിൽ തടവുകയും ഭക്ഷണവും വെള്ളവും കൊടുത്തും നായകളെ വശത്താക്കി. നായകൾ മനുഷ്യരുമായി അടുക്കുകയും മനുഷ്യരെ ആക്രമിക്കാതെ അവരുമായിഒത്തിണങ്ങി വളർന്നു. ടോമിനെ തള്ളി പറഞ്ഞ വാഷിംഗ്ടൺ നിവാസികൾ ടോമിന്റെ പ്രവർത്തികണ്ട് അത്ഭുതപ്പെട്ടു. ടോം വളരെ വളരെ പ്രശസ്തനായി. രാജാവ് ടോമിന് നിരവധി സമ്മാനങ്ങൾ നൽകി

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തന റിപ്പോർട്ട്



കുറുമ്പാല ഗവ: ഹൈസ്കൂളിലെ പ്രധാന ക്ലബ്ബുകളിൽ ഒന്നാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്. സംസ്ഥാനത്ത് ലിറ്റിൽ കൈറ്റ്സ് പദ്ധതി ആരംഭിച്ചത് മുതൽ ഇവിടെ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. വളരെ സജീവമായ നിൽക്കുന്ന ഈ യൂണിറ്റ് ശ്രദ്ധേയമായ ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഒരു ലിറ്റിൽ കൈറ്റ് അംഗം എന്ന നിലയിൽ കുട്ടികൾക്ക് ലഭിക്കേണ്ട പരമാവധി അനുഭവങ്ങൾ നൽകാൻ യൂണിറ്റ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾക്കായി ലഭിച്ച മൊഡ്യൂൾ വളരെ ഫല പ്രദമായിരുന്നു. കുട്ടികളെ സംബന്ധിച്ചും ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ, മിസ്ട്രസ് എന്ന നിലയിൽ ഞങ്ങൾക്കും പുതുമയാർന്ന അനുഭവങ്ങൾ അറിയാനും പകർന്ന് നൽകാനും ഈ മൊഡ്യൂൾ വഴികാട്ടിയായിട്ടുണ്ട്.സ്കൂൾ തലത്തിൽ

ആനിമേഷൻ, ഗ്രാഫിക് ഡിസൈനിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ്പ് ,ഇലക്ട്രോണിക്സ്, റോബോർട്ടിക്സ്, നിർമ്മിത ബുദ്ധി, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടിംഗ്, മൾട്ടിമീഡിയ തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാന ശേഷി നേടുന്നതിനൊപ്പം മികച്ച അഭിരുചിയുള്ള കുട്ടികൾക്ക് സബ് ജില്ലാ- ജില്ലാ തല ക്യാമ്പുകളിലൂടെ പുതുമായർന്ന കാര്യങ്ങൾ പഠിക്കാനും കഴിയുന്നു. കലാനുസൃതമായി പരിഷ്ക്കരിച്ച നിലവിലുള്ള മൊഡ്യൂൾ കുട്ടികൾ വളരെ ആവേശപൂർവ്വം ഏറ്റെടുത്തിട്ടുണ്ട്.

ലിറ്റിൽ കൈറ്റ്സിൻെറ പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട കുറച്ച് കുട്ടികളിൽ മാത്രം ഒതുങ്ങുന്നില്ല. അംഗങ്ങള്ളാത്ത മറ്റ് കുട്ടികൾക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരിശീലനം നൽകുന്നു.ക്ലാസുകളിലെ ഹൈടെക് ഉപകരണങ്ങളുടെ സജ്ജീകരണം, പരിപാലനം,ടെക്നിക്കൽ സപ്പോർട്ട്, വിദ്യാലയത്തിൽ നടക്കുന്ന പൊതു പരിപാടികളുടെ ഡിജിറ്റൽ ഡോക്യുമെൻേറഷൻ, വാർത്ത തയ്യാറാക്കൽ, പ്ലസ് വൺ ഏകജാലക ഹെൽപ്പ് ഡെസ്ക്, തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിനാകമാനം ഉപകാരപ്പെടുന്നു. കൂടാതെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും, ഹോം ബേസ്ഡ് വിദ്യാർത്ഥികൾക്കും ഐ ടി പരിശീലനം നൽകി ചേർത്ത്പിടിക്കുന്നു.

രക്ഷിതാക്കളെ വിദ്യാലയവുമായി ബന്ധിപ്പിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വലിയ പങ്ക് വഹിക്കുന്നു. രക്ഷിതാക്കൾക്കായി സംഘടിപ്പിക്കുന്ന ഐ ടി പരിശീലനം, സൈബർ സുരക്ഷാ പരിശീലനം എന്നവയിലെല്ലാം വലിയ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. അമ്മ മാർക്കായി സംഘടിപ്പിച്ച 'അമ്മ അറിയാൻ' എന്ന സൈബർ സുരക്ഷാ പരിശീലനത്തിൽ നൂറ്റി അമ്പതിലേറെ അമ്മമാരെ പങ്കെടുപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.കുട്ടികളുടെ ഫീൽഡ് വിസിറ്റുകൾ, യൂണിഫോം എന്നിവക്കെല്ലാം രക്ഷിതാക്കൾ നൽകുന്ന പിന്തുണയും സഹായവും വളരെ വിലപ്പെട്ടതാണ്.കുറുമ്പാല ഹൈസ്കൂളിനെ ജില്ല യിലെ മികച്ച ഹൈടെക് വിദ്യാലയമാക്കി മാറ്റുന്നതിൽ കൈറ്റിൻെറ ഹൈടെക് പദ്ധതിയും അതിൻെറ ഭാഗമായ ലിറ്റിൽ കൈറ്റ്സ് സംവിധാനവും വലിയ പങ്ക് വഹിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യയുടെ ബാലപാഠങ്ങൾ നേടുന്നതിനൊപ്പം LoT, AI തുടങ്ങിയ സാങ്കേതിക പരിജ്ഞാനം നേടുന്നതിനും ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ അവരെ പ്രാപത്രാക്കിയിട്ടുണ്ട്.ഐ ടി മേളയിൽ ആനിമേഷൻ ഇനത്തിൽ ജില്ലയിൽ ഒന്നാം സ്ഥാനം നേടി സംസ്ഥാന തലത്തിൽ പങ്കെടുക്കാൻ കഴിയുന്ന തരത്തിൽ വിദ്യാർത്ഥികളെ ഒരുക്കാൻ കഴിഞ്ഞത് തീർച്ചയായും ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ അനുഭവം തന്നെയാണെന്ന് നിസംശയം പറയാം.



# പ്രധാന പ്രവർത്തനങ്ങൾ

| | |
|---|---|
| അഭിരുചി പരീക്ഷ | രക്ഷിതാക്കൾക്കുള്ള IT പരിശീലനം |
| പ്രിലിമിനറി ക്യാമ്പ് | അമ്മമാർക്കുള്ള IT പരിശീലനം - "അമ്മ അറിയാൻ" |
| റൊട്ടീൻ ക്ലാസുകൾ | ഭിന്ന ശേഷിക്കാർക്കുള്ള IT പരിശീലനം "ചങ്ങാതിക്കൊപ്പം", "കൈത്താങ്ങ്" |
| സ്കൂൾ തല ക്യാമ്പുകൾ | മറ്റ് കുട്ടികൾക്കുള്ള IT പരിശീലനം |
| സബ് ജില്ലാ തല ക്യാമ്പുകൾ | ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള യൂണിഫോം |
| ഡിജിറ്റൽ മാഗസിൻ | +1 ഏക ജാലകം - ഹെൽപ്പ് ഡെസ്ക് |
| വ്യക്തിഗത-ഗ്രൂപ്പ് അസൈൻമെൻറ് പ്രവർത്തനങ്ങൾ | ഡോക്യുമെൻററി തയ്യാറാക്കൽ, പ്രദർശനം |
| ഇൻഡസ്ട്രിയൽ വിസിറ്റ് | ഷോട്ട് ഫിലിം നിർമ്മാണം |
| സ്കൂൾ വിക്കി അപ്ഡേഷൻ | അഭിമുഖങ്ങൾ, ഡോക്യുമെൻററി തയ്യാറാക്കൽ |
| എക്സ്പേർട്ട് ക്ലാസുകൾ | ആനിമേഷൻ ശിൽപശാല, പ്രോഗ്രാമിംങ് |
| ലിറ്റിൽ കൈറ്റ്സ് ID കാർഡ് | മികവുകളുടെ പ്രദർശനം |
| ഫ്രീഡം ഫെസ്റ്റ്- 2023 | സൈബർ സുരക്ഷാ പരിശീലനം- "സത്യമേ വ ജയതേ" |
| ക്യാമറാ പരിശീലനം | വിക്ടേഴ്സ് ചാനലിലേക്ക് വാർത്തകൾ തയ്യാറാക്കൽ |
| നിർവ്വഹണ സമിതി യോഗങ്ങൾ | YIP പരിശീലനം |
| രക്ഷിതാക്കളുടെ യോഗം | അനുമോദന യോഗങ്ങൾ |

# രക്ഷിതാക്കൾക്കുള്ള IT പരിശീലനം

## പാരന്റ് @ സ്കൂൾ








# അമ്മമാർക്കുള്ള IT പരിശീലനം

## അമ്മ അറിയാൻ






'അമ്മ അറിയാൻ' പരിപാടി കുറുമ്പാല ഗവ: ഹൈസ്കൂളിൽ ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എം.മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്യുന്നു

### മാതൃ ബോധവൽകരണ ക്ലാസ് സംഘടിപ്പിച്ചു

പടിഞ്ഞാറത്തറ: പൊതു വിദ്യാഭ്യാസ വകുപ്പ് സ്കൂളുകളിൽ നടപ്പിലാക്കുന്ന സൈബർ സുരക്ഷാ പരിശീലനത്തിന്റെ ഭാഗമായുള്ള 'അമ്മ അറിയാൻ' എന്ന പരിപാടി കുറുമ്പാല ഗവ: ഹൈസ്കൂളിൽ ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എം.മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്തു. വാർഡു മെമ്പർ മൈമൂന വൈശ്യൻ അദ്ധ്യക്ഷത വഹിച്ചു. സ്റ്റാഫ് സെക്രട്ടറി എം.എസ് ഗോപി ദാസ് ആശംസ പ്രസംഗം നടത്തി. ജില്ലാ തലപരിശീലനം നേടിയ മാസ്റ്റർ ട്രൈയിനികളായ വിദ്യാർത്ഥികൾ ക്ലാസുകൾക്ക് നേതൃത്വം നൽകി.

പ്രധാനാധ്യാപകൻ പി.കെ. സത്യൻ മാസ്റ്റർ സ്വാഗതവും കെ. ഹാരിസ് മാസ്റ്റർ നന്ദിയും പറഞ്ഞു. മീനങ്ങാടി : ഗവ: ഹയർ സെക്കന്ററി സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബിന്റെ നേതൃത്വത്തിൽ അമ്മമാർക്ക് ബോധവൽകരണ ക്ലാസ് സംഘടിപ്പിച്ചു. പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ഇ വിനയൻ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ സിന്ധു ശ്രീധരൻ അധ്യക്ഷത വഹിച്ചു.

Kozhikode Edition
May 14, 2022 Page No. 14
Powered by : eReleGo.com







# ഭിന്ന ശേഷിയുള്ള കുട്ടികൾക്ക്- IT പരിശീലനം

## "ചങ്ങാതിക്കൊപ്പം", "കൈത്താങ്ങ്"



# മറ്റ് കുട്ടികൾക്കുള്ള IT

# പരിശീലനം



# ഡോക്യുമെൻററി നിർമ്മാണം & പ്രദർശനം



# ഡിജിറ്റൽ മാഗസിൻ


Blossom
ലിറ്റിൽ കൈറ്റ്സ്
2021-24 ബാച്ച്
ഡിജിറ്റൽ മാഗസിൻ
ജി എച്ച് എസ് കുറുമ്പാല
നീലാംബരി
ജി.എച്ച്. എസ് .കുറുമ്പാല
BLUE MOON
ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ
2019-23 ബാച്ച്
ജി എച്ച് എസ് കുറുമ്പാല



# ഇൻഡസ്ട്രിയൽ വിസിറ്റ്

## ഇൻഡസ്ട്രിയൽ വിസിറ്റ്






2023-24 – PKK BAKERS വെള്ളമുണ്ട

2023-24 – PKK BAKERS വെള്ളമുണ്ട





2022-23 - മിൽമ ഡെയറി- വയനാട്

2022-23 - മിൽമ ഡെയറി- വയനാട്





2019-20 - മിൽമ ഡയറി- വയനാട്

2018-19 - കിൻഫ്രാ പാർക്ക് വയനാട്

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള

# യൂണിഫോം



# ID CARD






# സ്കൂൾ വിക്കി അപ്ഡേഷൻ







# റൊട്ടീൻ ക്ലാസുകൾ





# ക്യാമ്പുകൾ

## പ്രിലിമിനറി ക്യാമ്പ്






























# യോഗങ്ങൾ






ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
ഗവ.ഹൈസ്കൂൾ കുറുമ്പാല
ഫ്രീഡം ഫെസ്റ്റ് 2023
ആഗസ്റ്റ് 5 - 12
ഓപ്പൺ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ തുടങ്ങിയവ പരിചയപ്പെടുത്തുന്ന ഐ.ടി. കോർണർ
ഡിജിറ്റൽ പോസ്റ്റർ നിർമാണ മത്സരം
ആഗസ്റ്റ് 9 ന് സ്കൂൾ അസംബ്ലിയിൽ ഫ്രീഡം ഫെസ്റ്റ് സന്ദേശം
ഇൻസ്റ്റാൾ ഫെസ്റ്റ്
അറിവ് എല്ലാവരിലേക്കും എത്തട്ടെ!
സമൂഹം വളരുന്നത് പുതിയ അറിവുകൾ നേടുമ്പോൾ

+1 – ഏകജാലകം

## ഹെൽപ്പ് ഡെസ്ക്




## അധിക പരിശീലനം

മലയാളം ടൈപ്പിംഗ് , പ്രോഗ്രാമിംഗ്, അനിമേഷൻ




## മറ്റ് പരിശീലനങ്ങൾ






## അഭിമുഖങ്ങൾ, ഡോക്യുമെന്ററി






വയനാട്ടിലെ പ്രമുഖ കർഷകൻ ശ്രീ അയ്യൂബ് തോട്ടോളി, പടിഞ്ഞാറത്തറ സി എച്ച് സി യിലെ ഡോക്ടർ കിഷോർ കുമാർ, ഒഡീസി നർത്തകി എന്നിവരുമായി ലിറ്റിൽ കൈറ്റ്സംഗങ്ങൾ അഭിമുഖം നടത്തി ഡോക്യുമെന്ററി തയ്യാറാക്കി

## ഷോർട്ട് ഫിലിം നിർമ്മാണം




# വിക്ടേഴ്സ് ചാനലിലേക്ക് വാർത്തകൾ




ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തിൻെറ ഭാഗമായും , വിദ്യാലയത്തിൻെറ മറ്റ് പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട വാർത്തകൾ തയ്യാറാക്കി വിക്ടേഴ്സ് ചാനലിലേക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കൈറ്റ് മാസ്റ്റർ, മിസ്ട്രസിൻെറ സഹായത്തോടെ കുട്ടികൾ തന്നെയാണ് വാർത്തകൾ തയ്യാറാക്കിയത്.

ചങ്ങാതിക്കൊപ്പം, പാരൻറ് @ സ്കൂൾ, പ്രളയാനന്തര രോഗങ്ങളും പ്രതിരോധവും, പ്രതിഭകൾക്കൊപ്പം കുറുമ്പാല, ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഇൻഡസ്ട്രിയൽ വിസിറ്റ്, തുടങ്ങിയവയുമായി ബന്ധപ്പെട്ട് വാർത്തകൾ തയ്യാറാക്കി അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

# എക്സ്പേർട്ട് ക്ലാസ്സുകൾ-





# മികവുകൾ



വയനാട് ജില്ലാതല ശാസ്ത്രമേള
2023
ഐ ടി മേളയിൽ
ഹൈസ്കൂൾ വിഭാഗം
ആനിമേഷൻ - മത്സരത്തിൽ
First with A Grade
Muhammed Ramnas
അഭിനന്ദനങ്ങൾ
സ്റ്റാഫ് & പി ടി എ
ഗവ: ഹൈസ്കൂൾ കുറുമ്പാല




ലിറ്റിൽ കൈറ്റ്സ്
വൈത്തിരി സബ് ജില്ലാ ക്യാമ്പിൽ നിന്നും
ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട
മുഹമ്മദ് നാഫിൽ ഇ
Programming
മുബഷിറ പി പി
Animation
അഭിനന്ദനങ്ങൾ
TEAM GHS KURUMBALA




വൈത്തിരി ഉപജില്ലയിൽ നിന്ന്
ലിറ്റിൽ കൈറ്റ്സ് ജില്ലാ തല
ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട
മാജിദ സുൽത്താന
അഭിനന്ദനങ്ങൾ
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
ഗവ. ഹൈസ്കൂൾ കുറുമ്പാല

# നന്ദി